കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

# പരപ്പനങ്ങാടി നഗരസഭ

# ഓഡിറ്റ് റിപ്പോർട്ട്

# 2015-16

ജില്ലാ ഓഡിറ്റ് കാര്യാലയം, മലപ്പുറം

e-mail: dompm.ksad@kerala.gov.in

(രജിസ്റ്റർ ചെയ്ത കൈപ്പറ്റു ചീട്ടു സഹിതം)

നം.കെ.എസ്.എ.എം.പി.എം.25/301/2017

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

മലപ്പുറം ജില്ലാ കാര്യാലയം

തീയതി.10/02/2017

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)

പരപ്പനങ്ങാടി നഗരസഭ

സർ,

വിഷയം : പരപ്പനങ്ങാടി നഗരസഭ - 2015-16 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

*********************************

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ നഗരപാലികാ നിയമം 295(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം പരപ്പനങ്ങാടി നഗരസഭയുടെ 2015-16 സാമ്പത്തികവർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 2ലെയും ഭാഗം 3ലെയും ഖണ്ഡികകളിലേയ്ക്ക് പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം നഗരസഭയുടെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ നഗരസഭ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്/നഗരപാലിക -പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ്/നഗരപാലിക പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ,

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ.

പകർപ്പ് :

1)കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം(ഉപരിപത്രം സഹിതം)

2)ഡയരക്ടർ,നഗരകാര്യ വകുപ്പ്

3)നഗരകാര്യ വകുപ്പ് റീജ്യണൽ ജോയിന്റ്ഡയരക്ടർ,കോഴിക്കോട്

4)കാര്യാലയ പകർപ്പ്

നം.കെ.എസ്.എ.എം.പി.എം.25/301/2017

തിയ്യതി:10/02/2017

മലപ്പുറം ജില്ലയിലെ പരപ്പനങ്ങാടി നഗരസഭയുടെ 2015-16സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരളാ നഗരപാലികാ നിയമം- വകുപ്പ് 295(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

മലപ്പുറം ജില്ലയിലെ പരപ്പനങ്ങാടി നഗരസഭയുടെ 2015-16 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. നഗരസഭ 01-11-15 മുതൽ 07-01-17 തിയ്യതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ്അന്വേഷണക്കുറിപ്പുകളിലൂടെനഗരസഭയുടെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 20 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 18 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ നഗരസഭ സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | | |
|---|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | ശ്രീ.ഷാജി.വി.കെ. | |
| | സീനിയർ ഡെപ്യൂട്ടി ഡയറക്ടർ | |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 09-01-2017മുതൽ 24-01-2017 വരെ | |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | ശ്രീ.എം.മുഹമ്മദ്അലി | അസി.ഓഡിറ്റ്ഓഫീസർ |
| | ശ്രീമതി.ടി.പി.സൽമത്ത് | അസി.ഓഡിറ്റ്ഓഫീസർ |
| | ശ്രീ.പി.യൂസഫ് | സീനിയർഗ്രേഡ്ഓഡിറ്റർ |
| | ശ്രീ.ആലസ്സൻകുട്ടി.യു. | ഓഡിറ്റർ |

(ബി)നിർവ്വഹണാധികാരികൾ

| | | |
|---|---|---|
| പ്രസിഡന്റ് | 1.അഡ്മിനിസ്ട്രേറ്റീവ് കമ്മിറ്റി | 01.11.2015 മുതൽ 17.11.2015 വരെ |
| | 2.ശ്രീമതി.വി.സി.ജമീല ടീച്ചർ | 18-11-15മുതൽ 31-03-16വരെ |
| സെക്രട്ടറി | ശ്രീ.പി.സി.സാമുവൽ | 01-11-15മുതൽ 31-03-16വരെ |
| നിർവ്വഹണ ഉദ്യോഗസ്ഥർ | | |
| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
| വി.ഇ.ഒ | ശ്രീ.രജീഷ്. | 01-11-15മുതൽ |

| | | |
|---|---|---|
| | | 31-03-16വരെ |
| ഐ.സി.ഡി.എസ് സൂപ്പർവൈസർ | ശ്രീമതി.സൈബുന്നീസ.സി.ടി. | 01-11-15മുതൽ 31-03-16വരെ |
| കൃഷിഓഫീസർ | ശ്രീ.രത്നാകരൻ | 01-11-15മുതൽ 31-03-16വരെ |
| ഹെഡ്മിസ്ട്രസ് | ശ്രീമതി.ശ്രീകല.കെ.പി | 01-11-15മുതൽ 31-03-16വരെ |
| അസി.എഞ്ചിനിയർ | ശ്രീ.നന്ദകുമാർ | 01-11-15മുതൽ 31-03-16വരെ |
| വെറ്റിനറിസർജൻ | ഡോ.ബി.അബീന | 01-11-15മുതൽ 31-03-16വരെ |
| മെഡിക്കൽ ഓഫീസർ-ഹോമിയോ | ഡോ.മുഹമ്മദ് അക്ബർ | 01-11-15മുതൽ 31-03-16വരെ |
| മെഡിക്കൽ ഓഫീസർ-പി.എച്ച്.സി | ഡോ.ആർ.ആനന്ദ് | 01-11-15മുതൽ 31-03-16വരെ |
| മെഡിക്കൽ ഓഫീസർ-(ആയുർവേദം) | ഡോ.റസീന | 01-11-15മുതൽ 31-03-16വരെ |
| സബ് ഇൻസ്പെക്ടർ ഓഫ് ഫിഷറീസ് | ശ്രീമതി.അഞ്ജലീദേവി | 01-11-15മുതൽ 31-03-16വരെ |

ഉള്ളടക്കം


| ക്രമ നം. | വിഷയം | ഖണ്ഡിക നമ്പർ | പേജ് നമ്പർ |
|---|---|---|---|
| | ഭാഗം 1 | | |
| 1 | ബജറ്റ് | 1-1 | |
| 2 | വാർഷിക ധനകാര്യപത്രിക. | 1-2 | |
| 3 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം. | 1-3 | |
| 4 | സാമ്പത്തിക വിശകലനം | 1-4 | |
| 5 | ഫണ്ട് വിനിയോഗം | 1-5 | |
| 6 | പദ്ധതി അവലോകനം | 1-6 | |
| 7 | തനത് വരുമാനം. | 1-7 | |
| 8 | ക്ഷേമപദ്ധതികൾ | 1-8 | |
| 9 | ക്യാഷ് വെരിഫിക്കേഷൻ | 1-9 | |
| 10 | ആഭ്യന്തരനിയന്ത്രണം. | 1-10 | |
| 11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-11 | |
| | ഭാഗം 2 | | |
| 12 | വാടക പിരിച്ചെടുക്കുന്നതിൽ ഗുരുതരമായ വീഴ്ച | 2-1 | |
| 13 | വാടക-സേവന നികുതി ഈടാക്കി ഒടുക്കിയില്ല | 2-2 | |

| | | | |
|---|---|---|---|
| 14 | വിറ്റുവരവിനനുസൃതമായ ലൈസൻസ് ഫീസ് ഈടാക്കിയില്ല | 2-3 | |
| 15 | യന്ത്രസാമഗ്രികൾ പ്രവർത്തിപ്പിക്കുന്നതിനുള്ള ഫീസ് കുറവായി ഈടാക്കി | 2-4 | |
| 16 | D&O ലൈസൻസ് പുതുക്കൽ ഫീൽഡ് പരിശോധന രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല | 2-5 | |
| 17 | ട്രേഡേഴ്സ് രജിസ്റ്റർ തയ്യാറാക്കിയിട്ടില്ല | 2-6 | |
| 18 | ടെലിക്കമ്മ്യൂണിക്കേഷൻ ടവറുകളുടെ വസ്തു നികുതി ഈടാക്കിയില്ല. | 2-7 | |
| 19 | വസ്തു നികുതി കുറവായി ഈടാക്കി | 2-8 | |
| 20 | തൊഴിൽ നികുതി -പിരിവ് അപാകതകൾ | 2-9 | |
| 21 | കംഫർട്ട് സ്റ്റേഷൻ വാടക പൂർണ്ണമായി പിരിച്ചെടുത്തിട്ടില്ല | 2-10 | |
| 22 | പരസ്യ നികുതിയിനത്തിൽ കുടിശ്ശിക | 2-11 | |
| 23 | സായുധ സേനാ പതാക ഫണ്ട് വിഹിതം നൽകിയില്ല | 2-12 | |
| 24 | വരവ് ഇനങ്ങളിൽ വൻ തുകകൾ കുടിശ്ശികയായി അവശേഷിക്കുന്നു | 2-13 | |
| | ഭാഗം-3 | | |
| 25 | വാലൻതോട് ഇടവഴി പാത്ത് വേ പുനരുദ്ധാരണം - അധികം തുക നൽകി | 3-1 | |
| 26 | റോഡ് കോൺക്രീറ്റ് പ്രവർത്തിക്ക് അധിക നിരക്ക് നൽകി | 3-2 | |
| 27 | മരാമത്ത് പ്രവൃത്തി - പൊതു അവലോകനം | 3-3 | |
| 28 | ഡെപ്പോസിറ്റ് പ്രവൃത്തികൾ - പൂർത്തീകരണ വിവരം ലഭ്യമല്ല | 3-4 | |
| 29 | ആരോഗ്യ സ്ഥാപനങ്ങളിലേക്കുള്ള മരുന്നുകൾ യഥാസമയം ലഭ്യമാവുന്നില്ല | 3-5 | |
| 30 | വികലാംഗർക്ക് മുച്ചക്രവാഹനം - പ്രോജക്ട് നിർവഹണത്തിലെ അപാകതകൾ | 3-6 | |
| 31 | SSA പ്രോജക്ട് സർക്കാർ മാർഗ്ഗ നിർദേശങ്ങൾ പാലിക്കുന്നില്ല | 3-7 | |
| 32 | ഭവന നിർമ്മാണം പൂർത്തിയാക്കിയില്ല. | 3-8 | |
| 33 | ആശ്രയ പദ്ധതി -ചലഞ്ച് ഫണ്ട് ഇനത്തിൽ ലഭ്യമായ തുക ചെലവഴിച്ചില്ല | 3-9 | |
| 34 | സബ്സിഡി തുക അധികം നൽകി | 3-10 | |
| | ഭാഗം-4 | | |
| 35 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 | |
| 36 | ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ -ഇല്ല | 4-2 | |

| | | | |
|---|---|---|---|
| 37 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് - | 4-3 | |
| 38 | വായ്പ/ വായ്പ തിരിച്ചടവ് | 4-4 | |
| 39 | സ്ഥിരനിക്ഷേപങ്ങൾ | 4-5 | |
| 40 | ഓഡിറ്റ് റിക്കവറി | 4-6 | |
| 41 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം. | 4-7 | |
| 42 | ഓഡിറ്റ് പ്രത്യവലോകനം | 4-8 | |
| 43 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-9 | |
| 44 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | 4-10 | |

# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്

2015-16 വർഷത്തെ ബജറ്റ് 21-2-15 തിയതിയിലെ 1 തീരുമാനപ്രകാരം അംഗീകരിച്ചു.

## 1-2 വാർഷിക ധനകാര്യപത്രിക.

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|
| 31-07-2016 | 19.09.2016 |

1994 ലെ കേരള ലോക്കൽഫണ്ട് ഓഡിറ്റ് ആക്ട് വകുപ്പ് 9(1)പ്രകാരം വാർഷികകണക്ക് 31.07.2016 ന് അകം സമർപ്പിക്കേണ്ടതായിരുന്നു. എന്നാൽ 19.09.2016 ന് മാത്രമാണ് AFSസമർപ്പിച്ചിട്ടുള്ളത്. യഥാസമയം AFS ഓഡിറ്റിൽ സമർപ്പിക്കാൻ ശ്രദ്ധിക്കേണ്ടതാണ് .

## 1-3 വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നൽകിയ വിവരം

| സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ /തീയതി |
|---|---|
| 9-1-17 മുതൽ 25-1-17 വരെ | അനുബന്ധമായി ചേർത്തിട്ടുണ്ട് |

വാർഷിക കണക്കുകളിലെ അപാകതകൾ

1.കേരളാ മുനിസിപ്പാലിറ്റി അക്കൗണ്ട്സ് ചട്ടങ്ങൾ, ലെ ചുവടെ കൊടുത്തിരിക്കുന്ന നിർദ്ദേശങ്ങൾ പാലിച്ചിട്ടില്ല.

a)ഓരോ മാസാന്ത്യത്തിലും സ്റ്റോക്കിന്റെ തൻ മാസ വിനിയോഗ വിവരം സമാഹരിച്ചിട്ടില്ല ( ചട്ടം 54(3)e))

b)Capital work in progress റെക്കോർഡുകളും രേഖകളുമായി പൊരുത്തപ്പെടുത്തിയിട്ടില്ല ( ചട്ടം 54(4)f)

c)വർഷാന്ത്യത്തിൽ സ്ഥിര ആസ്തികളുടെ ഭൗതിക പരിശോധന നടത്തിയിട്ടില്ല (ചട്ടം54(5)b)

2.കെട്ടിട നികുതി ഇനത്തിലുള്ള വരവിന്റെ ഡിമാൻറ്, കുടിശ്ശിക ഡിമാന്റ് രജിസ്റ്ററുകൾ തയ്യാറാക്കിയിട്ടില്ല

3. തൊഴിൽ നികുതി - വാർഷികകണക്കിലെയും രജിസ്റ്ററിലെയും തുകകൾ തമ്മിൽ ചുവടെ കൊടുത്തിരിക്കുംപ്രകാരം വ്യത്യാസപ്പെട്ടിരിക്കുന്നു

| AFS പ്രകാരം തുക | രജിസ്റ്റർ പ്രകാരം തുക | വ്യത്യാസം |
|---|---|---|
| 25,275 | 24,775 | 500 |

4. വാടക ഇനത്തിലുള്ള കുടിശ്ശിക തുകകൾ വാർഷികകണക്കിലെയും (Balance Sheet,Schedule B-15) രജിസ്റ്ററിലെയും തുകകൾ തമ്മിൽ ചുവടെ കൊടുത്തിരിക്കുംപ്രകാരം വ്യത്യാസപ്പെട്ടിരിക്കുന്നു

| ഇനം | AFS പ്രകാരം ബാലൻസ് | രജി.പ്രകാരം ബാലൻസ് |
|---|---|---|
| Receivables form civic amenities(Current) | 4,89,183 | 5,05,,023 |
| Receivables form civic amenities(Arrear) | 3,23,082 | 3,14,298 |
| Other rents receivable(Current) | 73,030 | 57,270 |
| Other rents receivable(Arrear) | 2,250 | 34,750 |

5.Accumulated provision for Property Tax – മുൻ വർഷ ബാലൻസ് ഷീറ്റ് പ്രകാരമുള്ളഅതേ തുക തന്നെയാണ് തൻ വർഷ ബാലൻസ് ഷീറ്റിലും (B-15-a) രേഖപ്പെടുത്തിയിട്ടുള്ളത്

6.ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല

7.സെക്രട്ടറി ഒഴികെയുള്ള മറ്റു നിർവ്വഹണ ഉദ്യോഗസ്ഥർ മുഖേന ഈടാക്കുന്ന VAT, IT,KCWWF എന്നിവ വാർഷിക കണക്കുകളിൽ ഉൾപ്പെടുന്നില്ല.

8.ദീർഘ കാലങ്ങളായി ഇടപാടുകൾ നടക്കുന്നില്ലാത്ത ചുവടെ കൊടുത്തിരിക്കുന്ന ബാങ്ക് അക്കൗണ്ടുകൾ നിലനിർത്തിയിരിക്കുന്നു

| ഇനം | അക്കൗണ്ട് നമ്പർ/ബാങ്ക് | അവസാനംഇടപാട് നടന്ന തീയതി | നിലവിലെ ബാലൻസ് |
|---|---|---|---|
| NMBS | 52010/SBT | 22-3-12 | 257 |
| NOAP | 5704944965/SBT | 9-3-16 | 32,644 |
| ഹരിയാലി I | 6701360974-8/SBT | 20-6-16 ന്അക്കൗണ്ട് തുടങ്ങിയതിന് ശേഷം ഇടപാടുകൾ നടന്നിട്ടില്ല | 1,442 |
| ഹരിയാലി II | 67015498207/SBT | 27-7-16 ന്അക്കൗണ്ട് തുടങ്ങിയതിന് ശേഷം ഇടപാടുകൾ നടന്നിട്ടില്ല | 1,439 |
| സാക്ഷരത | 52031/SBT | 19-5-07 | 2,124 |

9മുൻ വർഷ AFS സാക്ഷ്യ പത്രത്തിൽ പരാമർശിച്ച അപാകതകൾ പരിഹരിച്ചിട്ടില്ല

## 1-4 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 2,42,14,117 |
| വരവ് | 5,29,18,344 |
| ആകെ | 7,71,32,461 |

| | |
|---|---|
| ചെലവ് | 6,24,11,581 |
| നീക്കിയിരിപ്പ് | 1,47,20,880 |

## 1-5 ഫണ്ട് വിനിയോഗം

| ഫണ്ട് ഇനം | മുന്നിരിപ്പ് | തൻ വർഷ വരവ് | ആകെ | ചെലവ് | Transfer Credit | Closing Balance | |
|---|---|---|---|---|---|---|---|
| | | | | | | As per RP40(b) | Asper ACR (lapsed) |
| വികസന ഫണ്ട് - പൊതു വിഭാഗം | 1,07,92,305 (28,98,482 + 5,44,413 +36,44,099 +37,05,311) | 12,563,819 + 38,02,384 | 2,71,58,508 | 1,25,53,158+ 47,15,101 | 98,79,588 | - | 10,661 |
| വികസന ഫണ്ട് - SCP | - | 62,11,413 | 62,11,413 | 25,41,824 | - | - | 36,69,589 |
| വികസന ഫണ്ട് - TSP | - | 38,000 | 38,000 | - | - | - | 38,000 |
| സംരക്ഷണ ഗ്രാന്റ് (NR) | 2,37,698 | 52,14,000 | 54,51,698 | 28,94,030 + 2,00,000 | 37,698 | - | 23,19,970 |
| സംരക്ഷണ ഗ്രാന്റ്(R) | 3,948 | 14,64,000 | 14,67,948 | 13,17,948 | 3,948 | - | 1,46,052 |
| 13-o ധനകാര്യ കമ്മീഷൻ ഗ്രാന്റ് | - | 36,81,807 | 36,81,807 | 36,38,781 | - | - | 43,026 |
| പെർഫോർമൻസ് ഗ്രാന്റ് | - | 36,44,099 | 36,44,099 | 32,24,777 | - | - | 4,19,322 |
| MGNREGS | 771 | 2,616 | 3,387 | - | - | 3,387 | - |
| ബി ഫണ്ട് | - | 1,91,68870 | 1,91,68,870 | 1,91,68,870 | - | - | - |

## 1-6 നഗപദ്ധതി അവലോകനം.

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 346 | 195337444 | 226 | 68801579 | 9 | 120 | 65 |

തീരദേശ നഗരസഭയായ പരപ്പനങ്ങാടിയിൽ ധാരാളം മത്സ്യത്തൊഴിലാളികൾ ഉണ്ടെങ്കിലും മത്സ്യബന്ധന മേഖലയിൽ തനതായ പദ്ധതികൾ ഒന്നും നടപ്പാക്കിയിട്ടില്ല. ഫിഷറീസ് സബ് ഇൻസ്പെക്ടർ നിർവ്വഹണ

ഉദ്യോഗസ്ഥയായി തീരദേശ വിദ്യാർത്ഥികൾക്ക് പഠനോപകരണങ്ങൾ, മത്സ്യതൊഴിലാളി വീട് റിപ്പയർ എന്നീ പദ്ധതികൾ മാത്രമാണ് നടപ്പാക്കിയത്. മത്സ്യബന്ധന മേഖലയിൽ പ്രൊജക്ടുകൾ ആവിഷ്കരിച്ച് നടപ്പാക്കേണ്ടതാണ്.

## 1-7 തനത് വരുമാനം.

01.11.2015 ൽ മാത്രമാണ് നഗരസഭ നിലവിൽ വന്നത്. ആയതിനാൽ തനതു വരുമാനം സംബന്ധിച്ച് താരതമ്യം ചെയ്തിട്ടില്ല.

## 1-8 ക്ഷേമപദ്ധതികൾ

തൻവർഷം നഗരസഭ നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 94800 | 202 |
| കർഷകതൊഴിലാളി പെൻഷൻ | 1307520 | 371 |
| വിധവാപെൻഷൻ | 9179360 | 2290 |
| വാർദ്ധക്യകാലപെൻഷൻ | 5393100 | 1825 |
| വികലാംഗപെൻഷൻ | 2586450 | 677 |

## 1-9 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 09-01-2017 ന് സ്ഥാപന തലവന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 29,311രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു

## 1-10 ആഭ്യന്തരനിയന്ത്രണം.

വസ്തു നികുതി കുടിശ്ശിക, തൻവർഷ ഡിമാന്റ് രജിസ്റ്ററുകൾ തയ്യാറാക്കിയിട്ടില്ല. സൂപ്പർവൈസർ സബ് സിഡിയറി രജിസ്റ്റർ എഴുതി സൂക്ഷിക്കുന്നില്ല. പ്രസ്തുത രജിസ്റ്ററുകൾ തയ്യാറാക്കി ഓഡിറ്റിന് ഹാജരാക്കേണ്ടതാണ്.
വസ്തു നികുതി ഡിമാന്റ് രജിസ്റ്റർ തയ്യാറാക്കിയിട്ടില്ല

ആസ്തി രജിസ്റ്റർ പൂർണ്ണമല്ല.

## 1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | വിവരം ലഭ്യമല്ല | | |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 2-4-16 To 8-4-16 | 1-4-11 To31-3-16 | 3-6-16 |

# ഭാഗം-2

## വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 വാടക പിരിച്ചെടുക്കുന്നതിൽ ഗുരുതരമായ വീഴ്ച

ഷോപ്പിംഗ് കോംപ്ലക്സ് റൂമുകൾ, മത്സ്യ മാർക്കറ്റ് സ്റ്റാളുകൾ എന്നിവയുടെ വാടക, സമയ ബന്ധിതമായി പിരിച്ചെടുക്കുന്നതിൽ വീഴ്ച സംഭവിച്ചിട്ടുണ്ട്. കുടിശ്ശിക വരുത്തിയവരുടെ വിവരം താഴെ കൊടുക്കുന്നു.

ഷോപ്പിംഗ് കോംപ്ലക്സ് റൂമുകൾ:

| ക്രം.ന. | റൂം/സ്റ്റാൾ നമ്പർ | പേര് | മാസ വാടക | വാർഷിക ഡിമാന്റ് | വാർഷിക കളക്ഷൻ | ബാലൻസ് | മുൻ വർഷ കുടിശ്ശിക |
|---|---|---|---|---|---|---|---|
| 1 | 5/930(1) | ശ്രീ.ഫൈസൽ.എം.പി. | 9346 | 112152 | 0 | 112152 | 17802 |
| 2 | 5/930(4) | ശ്രീ.നൂറുൽഹുദാ.കെ.പി. | 3178 | 38136 | 0 | 38136 | 15135 |
| 3 | 5/930(5) | ശ്രീമതി.പി.സാജിദ. | 3183 | 38196 | 0 | 38196 | 18186 |
| 4 | 5/930(6) | ശ്രീ.അനിൽ.സി. | 4218 | 50616 | 0 | 50616 | 160168 |
| 5 | 5/930(9) | ശ്രീ.അൻവർ.പി.പി. | 2153 | 25836 | 0 | 25836 | 30952 |
| 6 | 5/930(10) | ശ്രീ.അബ്ദുറഹ്മാൻ.കെ. | 3489 | 41868 | 24423 | 17445 | --- |
| 7 | 5/930(10A) | ശ്രീ.അൻവർ.പി.പി. | 1707 | 20484 | 0 | 20484 | 68445 |
| 8 | 5/930(11) | ശ്രീ.അബ്ദുറഹ്മാൻ.കെ | 2403 | 28836 | 16821 | 12015 | --- |
| 9 | 5/930(13) | ശ്രീ.ഫാറൂഖ്.പി. | 4292 | 51504 | 0 | 51504 | 60735 |
| 10 | 5/930(20) | ശ്രീ.യൂസഫ്.പി.വി. | 4887 | 58644 | 24435 | 34209 | --- |
| 11 | 5/930(23) | ശ്രീ.അബ്ദുൽ ഖാദർ . പി. വി. | 1550 | 18600 | 0 | 18600 | 58302 |
| 12 | 5/930(24) | ശ്രീ.സുദേവൻ. | 1182 | 14184 | 0 | 14184 | --- |
| 13 | 5/590 | ശ്രീ.പി.വി.അബ്ദുൽ റഷീദ് | 621 | 7452 | 0 | 7452 | 13848 |
| 14 | 5/591 | ശ്രീ.സൈതലവി. | 467 | 5604 | 0 | 5604 | 2225 |
| 15 | 5/935 | ശ്രീ.ബഷീർ.സി.കെ. | 1890 | 22680 | 17010 | 5670 | --- |
| 16 | 5/924 C | ശ്രീ.സുനിൽ.വി. | 4410 | 52920 | 0 | 52920 | 12600 |
| | ആകെ | | 48,971 | 5,87,652 | 82,689 | 5,05,023 | 4,58,128 |

മത്സ്യ മാർക്കറ്റ് സ്റ്റാളുകൾ :

| ക്രം.ന. | റൂം/സ്റ്റാൾ നമ്പർ | പേര് | മാസ വാടക | വാർഷിക ഡിമാന്റ് | വാർഷിക കളക്ഷൻ | ബാലൻസ് | മുൻ വർഷ കുടിശ്ശിക |
|---|---|---|---|---|---|---|---|
| 1 | 1 | ശ്രീ.യൂനസ്.എൻ | 4510 | 54120 | 45100 | 9020 | --- |
| 2 | 3 | ശ്രീ.അഷ്റഫ്. | 750 | 9000 | 00 | 9000 | --- |
| 3 | 4 | ശ്രീ.ശുഹൈബ്.കെ. | 750 | 9000 | 1500 | 7500 | 7500 |
| 4 | 6 | ശ്രീ.ഗസ്സാലി. | 750 | 9000 | 7500 | 1500 | --- |
| 5 | 7 | ശ്രീ.സവാദ്. | 750 | 9000 | 4500 | 4500 | 4500 |
| 6 | 10 | ശ്രീ.സിദ്ദീഖ്.പി.പി. | 750 | 9000 | 8250 | 750 | --- |
| 7 | 12 | ശ്രീ.സൈദ് മുഹമ്മദ്. | 750 | 9000 | 8250 | 750 | --- |
| 8 | 30 | ശ്രീ.നബീൽ | 750 | 9000 | 8250 | 750 | --- |
| 9 | 31 | ശ്രീ.കുഞ്ഞാമുട്ടി | 750 | 9000 | 8250 | 750 | --- |

| | | | | | | | |
|---|---|---|---|---|---|---|---|
| 10 | 33 | ശ്രീ.നബീൽ | 3250 | 39000 | 16250 | 22750 | 22750 |
| | ആകെ | | | 1,65,120 | 1,07,850 | 57,250 | 34,750 |

മുഴവൻ വാടകക്കാരുമായും സമാനമായ രീതിയിൽ ചമച്ച കരാർ വ്യവസ്ഥകൾ പ്രകാരം എല്ലാ ഇംഗ്ലീഷ് മാസവും 5ാം തീയതിയോ അതിനു മുമ്പോ വാടകക്കാരൻ വാടക ഒടുക്കേണ്ടതുണ്ട്. കരാറിലെ നിബന്ധനകൾ ലംഘിക്കുക, 2 മാസത്തിലധികം കാലയളവിലെ വാടക കുടിശ്ശിക വരുത്തുക എന്നിവ വാടകക്കാരനിൽ നിന്നുണ്ടായാൽ ഏകപക്ഷീയമായി കരാർ റദ്ദാക്കാൻ തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന് അധികാരമുണ്ടെന്നും വ്യവസ്ഥയുള്ളതാണ്. ഒരു കൊല്ലം മുറി ഉപയോഗിച്ച എന്നത് ഫീസ് നിരക്ക് വർദ്ധനയോടു കൂടി പോലും റൂം കൈവശത്തിൽ തുടരാൻ വാടകക്കാരന് അധികാരമുണ്ടായിരിക്കുന്നതല്ലയെന്നും വ്യവസ്ഥയുണ്ട്. എന്നാൽ വർഷങ്ങളായി കുടിശ്ശിക വരുത്തിയവർ പോലും മുറികളും സ്റ്റാളുകളും കൈവശം വെച്ച വരുന്നു. ഇത് സംബന്ധിച്ച് നൽകിയ 11/ 23.01.2017 നമ്പർ ഓഡിറ്റ് എൻക്വയറിയ്ക്ക് മറുപടി ലഭ്യമാക്കിയില്ല.

മുഴവൻ കുടിശ്ശികയും പിരിച്ചെടുക്കുന്നതിനും കുടിശ്ശിക തീർക്കാത്തവരെ ഒഴിപ്പിക്കുന്നതിനും അടിയന്തിര നടപടി സ്വീകരിക്കേണ്ടതും വിവരം ലഭ്യമാക്കേണ്ടതുമാണ്.

## 2-2 വാടക-സേവന നികുതി ഈടാക്കി ഒടുക്കിയില്ല

ഷോപ്പിംഗ് കോംപ്ലക്സ് റൂമുകൾ, മത്സ്യ മാർക്കറ്റ് സ്റ്റാളുകൾ എന്നിവയുടെ വാടക സംബന്ധിച്ച സാമ്പത്തിക വർഷത്തെ ഡിമാന്റ്,കളക്ഷൻ വിവരം താഴെ കൊടുക്കുന്നു.

| | ഡിമാന്റ് | കളക്ഷൻ | സേവന നികുതി@14.5% |
|---|---|---|---|
| ഷോപ്പിംഗ് കോംപ്ലക്സ് | 12,87,600 | 7,87,907 | 1,14,247 |
| മത്സ്യ മാർക്കറ്റ് | 2,19,480 | 1,62,210 | 23,250 |
| ആകെ | 15,07,080 | 9,50,117 | 1,37,767 |

സേവന ദാതാവ് ഒരു വർഷം നൽകുന്ന ആകെ സേവന മൂല്യം പത്ത് ലക്ഷത്തിലധികമായാൽ സേവന നികുതി നിർബന്ധമായും ഒടുക്കേണ്ടതുണ്ട്. വാടക ഈടാക്കി നൽകുന്ന സേവനം സാമ്പത്തിക വർഷത്തിൽ 15 ലക്ഷം കവിഞ്ഞിട്ടുണ്ട്.വാടകയിനത്തിൽ പിരിഞ്ഞു കിട്ടിയ 9,50,117രൂപയ്ക്ക് അർഹമായ സേവന നികുതി 1,37,767 രൂപ ഈടാക്കി അടവാക്കിയ രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല.ഇത് സംബന്ധിച്ച് നൽകിയ 09/21.01.2017നമ്പർ ഓഡിറ്റ് എൻക്വയറിയ്ക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. തുക ബന്ധപ്പെട്ടവരിൽ നിന്നും ഈടാക്കുകയും സർക്കാരിലേക്ക് അടവാക്കുകയും ചെയ്ത് വിവരം ലഭ്യമാക്കേണ്ടതാണ്.

## 2-3 വിറ്റുവരവിനനുസൃതമായ ലൈസൻസ് ഫീസ് ഈടാക്കിയില്ല

താഴെ പറയുന്ന സ്ഥാപന ഉടമകളിൽ നിന്നും മാത്രം കേരള പഞ്ചായത്ത് രാജ് ആക്ട് സെക്ഷൻ 232 പട്ടികII പ്രകാരമുള്ള വിറ്റുവരവിനനുസൃതമായ ലൈസൻസ് ഫീസ് ഈടാക്കിയിട്ടില്ല.

| സ്ഥാപന ഉടമ | അപേക്ഷ പ്രകാരമുള്ള വിറ്റുവരവ് | പട്ടികII പ്രകാരം ഈടാക്കേണ്ട ലൈസൻസ് ഫീസ് | ഈടാക്കിയത് | കുറവ് |
|---|---|---|---|---|
| ശ്രീ.ബാലൻ നായർ, കെ.വി.ആർ ഓട്ടോ മൊബൈൽസ്,7/117C,D,E | 90000 | 2000 | 300 Rt.No.114051-07312 /10-2-15(2015-16- Advance) | 1700 |
| ശ്രീ.ബാലൻ നായർ, കെ.വി.ആർ ഓട്ടോ | 50000 | 1000 | 500 | 500 |

| | | | | |
|---|---|---|---|---|
| മൊബൈൽസ്, സർവ്വീസിംഗ്,7/119A | | | Rt.No.114051-07311/10-2-15 (2015-16-Advance) | |
| ശ്രീ.ബാബുരാജ് , ലക്ഷ്മി മെഡിക്കൽസ് 22/829 | 15000 | 300 | 200 Rt.No.3262/1 /12-2-15 (2015-16-Advance) | 100 |
| സെക്രട്ടറി. ക്ഷീരോൽപാദക സഹകരണസംഘം 8/413C | 19,100 | 500 | 300 Rt.No.3278/16/ 26-2-15 (2015-16-Advance) | 200 |
| ശ്രീ.മുഹമ്മദ് അഷ്റഫ്, വസ്ത്ര വ്യാപാരം , 5/731A,B,C | 25000 | 500 | 300 Rt.No.3278/22/ 26-2-15 (2015-16-Advance) | 200 |
| ശ്രീ.ഫസൽ 5/21 | 35,000 | 1000 | 600 Rt.No.3278/72/ 19-3-15 (2015-16-Advance) | 400 |
| ശ്രീ.മാനേജിംഗ് ഡയറക്ടർസപ്ലൈകോ സൂപ്പർമാർക്കറ്റ് 15/422 C,D | 30,000 | 1000 | - | 1000 |
| ശ്രീ.അബ്ദുറഹിമാൻ അമൻ എന്റെർപ്രൈസസ്17/437 | 1,00,000 | 4000 | 2000 Rt.No.115051-00252/ 16-4-15 | 2000 |
| ശ്രീ.മൻമോഹൻ .ഷിംല ഗ്യാസ് ഏജൻസീസ്.2/517A | 1,05,000 | 4000 | 2000 Rt.No.115051-00313/ 18-4-15 | 2000 |
| | | | ആകെ | 8100 |

ഈ വിഷയം ഉന്നയിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 7-19-01-2017 ന് മറുപടി നൽകിയിട്ടില്ല പ്രസ്തുത തുക 8100 രൂപ ബന്ധപ്പെട്ടവരിൽ നിന്നും ഈടാക്കേണ്ടതാണ്.

## 2-4 യന്ത്രസാമഗ്രികൾ സ്ഥാപിക്കുന്നതിനുള്ള ഫീസ് കുറവായി ഈടാക്കി

താഴെ പറയുന്ന സ്ഥാപന ഉടമകളിൽ നിന്നും മാത്രം കേരള പഞ്ചായത്ത് രാജ് ആക്ട് സെക്ഷൻ 232 പട്ടികIII പ്രകാരമുള്ള യന്ത്രസാമഗ്രികൾ പ്രവർത്തിപ്പിക്കുന്നതിനുള്ള ഫീസ് ഈടാക്കിയിട്ടില്ല.

| സ്ഥാപന ഉടമ | അപേക്ഷ പ്രകാരമുള്ള | പട്ടികIII പ്രകാരം | ഈടാക്കിയത് | കുറവ് |
|---|---|---|---|---|

| | | | | |
|---|---|---|---|---|
| | യന്ത്രത്തിന്റെ കതിര ശക്തി | ഈടാക്കേണ്ട ഫീസ് | | |
| ശ്രീ.കുഞ്ഞലവി,13/9,സോമിൽ | 75HP | 1000 | 375<br>Rt No.3278/95/25-3-15 | 625 |
| ശ്രീ.ഭരതൻ,പെട്രോളിയം<br>19/90-C | 314HP | 3410(2000+<br>1410<br>200 HP വരെ-2000 തുടർന്നുള്ള ഓരോ HP ക്കും 10 രൂപ വീതം) | 2100<br>Rt.No.11405109056/28-3-15 | 1310 |
| | | | | 1925 |

ഈ വിഷയം ഉന്നയിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 7-19-01-2017 ന് മറുപടി നൽകിയിട്ടില്ല പ്രസ്തുത തുക 1925രൂപ ബന്ധപ്പെട്ടവരിൽ നിന്നും ഈടാക്കേണ്ടതാണ്

## 2-5 ഫീൽഡ് പരിശോധനാ രജിസ്റ്റർ സൂക്ഷിക്കുന്നില്ല

D&O ലൈസൻസ് പുതുക്കി നൽകുമ്പോൾ ഉത്തരവാദിത്തപ്പെട്ട ഹെൽത്ത് ഇൻസ്പെക്ടർ സ്ഥലപരിശോധന നടത്തേണ്ടതുംഅപേക്ഷ സംബന്ധിച്ച വിവരം പേഴ്സണൽ രജിസ്റ്ററിൽ രേകപ്പെടുത്തേണ്ടതും അന്വേഷണ റിപ്പോർട്ട് സെക്രട്ടറി സാക്ഷ്യപ്പെടുത്തേണ്ടതുമാണ്.എന്നാൽ ലൈസൻസ് അപേക്ഷകൾ പരിശോദധിച്ചതിൽ മിക്ക അപേക്ഷകളിലും അന്വേഷണ റിപ്പോർട്ട് രേഖപ്പെടുത്തിയിട്ടില്ല .സ്ഥല പരിശോധന നടത്താതെ ലൈസൻസ് പുതുക്കി കൊടുക്കുമ്പോൾ വിറ്റുവരവ് വർദ്ധിച്ചിട്ടുണ്ടോ എന്നും അതു പോലെ അനധികൃതമായി ഒന്നും വിൽപന നടത്തുന്നില്ലാ എന്നും, അപേക്ഷയിൽ പറഞ്ഞ കാര്യങ്ങൾ ശരിയാണന്ന് ഉറപ്പുവരുത്താൻ സാധിക്കാതെ വരുന്നു. നിലവിൽ ഇപ്രകാരമുള്ള നടപടികളിൽ വീഴ്ചയുണ്ടാകുന്നു. സ്ഥലപരിശോധന നടത്തുന്നതിലൂടെ പഞ്ചായത്തിന്റെ/നഗരസഭയുടെ ഇടപെടൽ ഈ രംഗത്ത് ഉണ്ടെന്ന് ഉറപ്പു വരുത്താനും ലൈസൻസ് വിതരണം കാര്യക്ഷമമാക്കുന്നതിനും സാധിക്കുന്നു.

## 2-6 ട്രേഡേഴ്സ് രജിസ്റ്റർ സൂക്ഷിക്കുന്നില്ല

1998 ലെ കേരളാ പഞ്ചായത്ത് രാജ് ചട്ടങ്ങൾ (റെക്കോർഡുകളുടെ സൂക്ഷിപ്പും പകർപ്പ് നൽകലും)ചട്ടം3 പ്രകാരം ഗ്രാമ പഞ്ചായത്ത് /നഗരസഭ അതിന്റെ പരിധിയിലുള്ള കച്ചവട സ്ഥാപനങ്ങളെ സംബന്ധിച്ച ട്രേഡേഴ്സ് രജിസ്റ്റർ (വാർഡ് അടിസ്ഥാനത്തിൽ) തയ്യാറാക്കി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്. എന്നാൽ പഞ്ചായത്ത്/നഗരസഭ ഇത്തരത്തിലുള്ള ട്രേഡേഴ്സ് രജിസ്റ്റർ തയ്യാറാക്കിയിട്ടില്ല. പഞ്ചായത്ത് /നഗരസഭ പരിധിയിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളുടെ വിവരങ്ങൾ അടങ്ങിയ ഒരു ട്രേഡേഴ്സ് രജിസ്റ്റർ സെക്ഷൻ സൂക്ഷിക്കാത്തതിനാൽ പഞ്ചായത്തിന്റെ പരിധിയിൽ പ്രവർത്തിക്കുന്ന എല്ലാ സ്ഥാപനങ്ങളിൽ നിന്നും ലൈസൻസ് ഫീസ് ഈടാക്കിയിട്ടുണ്ടോ എന്നത് ഫലപ്രദമായി പരിശോധിക്കാൻ സാധിച്ചില്ല.

ലൈസൻസ് വിതരണം കാര്യക്ഷമമാക്കുന്നതിനു വേണ്ടി അടിയന്തിരമായി പരിഹാര നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 2-7 ടെലിക്കമ്മ്യൂണിക്കേഷൻ ടവറുകളുടെ വസ്തു നികുതി ഈടാക്കിയിട്ടില്ല.

താഴെ പറയുന്ന ടെലിക്കമ്മ്യൂണിക്കേഷൻ ടവറുകളുടെ ഉടമസ്ഥരിൽ നിന്നും 2015-16 വർഷത്തിൽ കേരള പഞ്ചായത്ത് രാജ് നിയമം 203, കേരള മുനിസിപ്പാലിറ്റി നിയമം 233 എന്നിവ പ്രകാരമുള്ള വസ്തു നികുതി ഈടാക്കിയിട്ടില്ല. വിശദ വിവരം ചുവടെ നൽകുന്നു.

| ടവർ | ഡിമാന്റ് ചെയ്ത വസ്തു നികുതി | ഡിമാന്റ് ചെയ്ത ലൈബ്രറി സെസ് | ഡിമാന്റ് ചെയ്ത സേവന നികുതി | അഭിപ്രായം |
|---|---|---|---|---|
| റിലയർസ് ഇൻഫ്രാ ലിമിറ്റഡ്, 11/615 | 6000 | 300 | 600 | 2013-14 വർഷം മുതൽ ഈടാക്കിയിട്ടില്ല |
| വൊഡാഫോൺ എസ്സർസെല്ലുലാർ ലിമിറ്റഡ്, 12/429 | 6000 | 300 | 600 | 2013-14 വർഷം മുതൽ ഈടാക്കിയിട്ടില്ല |
| ജി.ടി.എൽ ഇൻഫ്രാ ലിമിറ്റഡ്, 13/442 | 5000 | 250 | 500 | 2013-14 വർഷം മുതൽ ഈടാക്കിയിട്ടില്ല |
| എം.എസ്.റിയലയൻസ് ഇൻഫോം ലിമിറ്റഡ്, 17/398 | 5000 | 250 | 500 | 2013-14 വർഷം മുതൽ ഈടാക്കിയിട്ടില്ല |
| ഭാരതി ഇൻഫ്രാ ലിമിറ്റഡ്, 7/442 | 10,800 | 540 | 1080 | 2013-14 വർഷം മുതൽ ഈടാക്കിയിട്ടില്ല |
| വൊഡാഫോൺ എസ്സർസെല്ലുലാർ ലിമിറ്റഡ്, 2/1028 | 13200 | 660 | 1320 | 2013-14 വർഷം മുതൽ ഈടാക്കിയിട്ടില്ല |
| യു.എസ് ടവേഴ്സ് ലിമിറ്റഡ്, 2/892 | 13200 | 660 | 1320 | 2013-14 വർഷം മുതൽ ഈടാക്കിയിട്ടില്ല |
| വയർലെൻ ടി.ടി.ഇൻഫോ സർവ്വീസ് ലിമിറ്റഡ്, 2/699 | 10,800 | 540 | 1080 | 2013-14 വർഷം മുതൽ ഈടാക്കിയിട്ടില്ല |
| ഇൻടസ് ടവേഴ്സ് ലിമിറ്റഡ് 22/992 | 13200 | 660 | 1320 | 2013-14 വർഷം മുതൽ ഈടാക്കിയിട്ടില്ല |
| എസ്.എസേ.ഒ.ദത്ത ടാറ്റ ലിമിറ്റഡ് 21/1115 | 11000 | 550 | 1100 | 2013-14 വർഷം മുതൽ ഈടാക്കിയിട്ടില്ല |

| | | | | |
|---|---|---|---|---|
| ആകെ | 94,200 | 4710 | 9420 | |

1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം 243 പ്രകാരം ഗ്രാമ പഞ്ചായത്തിനു പിരിഞ്ഞ് കിട്ടാനുള്ള തുക മൂന്ന് വർഷത്തിനുള്ളിൽ പിരിച്ചെടുത്തിട്ടില്ലങ്കിൽ ആയവ നിയമപരമായി കാലഹരണപ്പെടും. ഗ്രാമ പഞ്ചായത്ത്/നഗരസഭ ടവറുകൾ സ്ഥിചെയ്യുന്ന വസ്തുവിന്റെ ഉടമയിൽ വസ്തുനികുതി ഡിമാന്റ് ചെയ്യുന്നതിന് പകരം ടവറുകൾ സ്ഥാപിക്കുന്നതിന് പെർമിറ്റ് നേടിയ ടെലിക്കമ്മ്യൂണിക്കേഷൻ കമ്പനികൾക്കാണ് ഡിമാന്റ് നോട്ടീസ് നൽകുന്നത്.മേൽ വിലാസങ്ങൾ ഇടയ്ക്കിടക്ക് മാറുന്ന ഇത്തരം സ്ഥാപനങ്ങൾക്കയക്കുന്ന നോട്ടീസുകൾ കൈപ്പറ്റാതെ മടങ്ങി വരുന്നതും പതിവാണ്.

ടവറുകൾ സ്ഥിതി ചെയ്യുന്ന വസ്തുവിന്റെ യഥാർത്ഥ ഉടമകളിൽ നിന്ന് വസ്തുനികുതി ഡിമാന്റ് ചെയ്ത് ഈടാക്കാത്തത് സംബന്ധിച്ചും നിയമപരമായി കാലഹരണപ്പെടുന്ന കാലയളവ് പോലും പരിഗണിക്കാതെ വസ്തു നികുതി കുടിശ്ശിക പിരിച്ചെടുക്കാത്തത് സംബന്ധിച്ചും വിശദീകരണം ലഭ്യമാക്കേണ്ടതാണ്. ഈ വിഷയം ഉന്നയിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി-12/23-1-17 ന് മറുപടി നൽകിയിട്ടില്ല. ആയതിനാൽ പ്രസ്തുത തുക 94200+4710+9420 ബന്ധപ്പെട്ടവരിൽ നിന്നും ഈടാക്കേണ്ടതാണ്.

## **2-8** <u>വസ്തു നികുതി കുറവായി ഈടാക്കി</u>

ജി.ഒ.(പി) 17/11ത.സ്വ.ഭ.വ. 14-1-2011 പ്രകാരം മുനിസിപ്പൽ കൗൺസിലുകളിൽ സ്ഥിചെയ്യുന്ന പാർപ്പിട ആവശ്യത്തിനുള്ള കെട്ടിടങ്ങളുടെ ഏറ്റവും കുറഞ്ഞ അടിസ്ഥാന വസ്തുനികുതി ചതുരശ്ര മീറ്ററിന് 6രൂപയായി നിജപ്പെടുത്തിയിരുന്നു .എന്നാൽ നഗരസഭയുടെ 2015-16 വർഷ വസ്തു നികുതി പരിശോധനയിൽ താഴെ പറയുന്ന പുതുതായി നിർമ്മിച്ച് 1-11-15 ന് ശേഷം കെട്ടിട നമ്പർ നൽകിയ കെട്ടിടങ്ങളുടെ ഉടമസ്ഥരിൽ നിന്നും ചതുരശ്ര മീറ്ററിന് 4 രൂപ അടിസ്ഥാന വസ്തുനികുതിയായി എടുത്താണ് വാർഷിക വസ്തു നികുതി കണക്കാക്കിയിട്ടുള്ളത് . വിശദ വിവരം താഴെ.

കാരണം വിശദീകരിക്കേണ്ടതാണ്.

| കെട്ടട ഉടമ | കെട്ടിടത്തിന്റെതരം/ വിസ്തീർണ്ണം | ഈടാക്കേണ്ട വസ്തുനികുതി /LC | ഈടാക്കിയത് | വസ്തുനികുതി കുറവ് | LCകുറവ് |
|---|---|---|---|---|---|
| ശ്രീ. ഹംസക്കോയ ( 1/431B). | ഗാർഹികം, 203.31 m2 | 203*6=1220- അന്വേഷണ ഉദ്യഗസ്ഥന്റെ റിപ്പോർട്ട് പ്രകാരമുള്ള നിയമാനുസൃത ഇളവ് =10%= 1098 PT=1098, LC(5%)=55 | PT= 732 LC=55 | 366 | 18 |
| ശ്രീ. കുഞ്ഞഹമ്മദ്കുട്ടി (22/630A) | ഗാർഹികം, 225.36 m2 | 225.36*6= 1352- അന്വേഷണ ഉദ്യഗസ്ഥന്റെ റിപ്പോർട്ട് പ്രകാരമുള്ള | PT= 722 LC=37 | 495 | 23 |

| | | | | | |
|---|---|---|---|---|---|
| | | നിയമാനസൃത ഇളവ് =10%=135= 1217<br>PT=1217<br>LC(5%)=60 | | | |
| ശ്രീ. അഹമ്മദ്കുട്ടി<br>(5/632B) | ഗാർഹികം,<br>236.82 m2 | 236.82*6=1421-<br>(അന്വേഷണ ഉദ്യഗസ്ഥന്റെ റിപ്പോർട്ട്<br>പ്രകാരമുള്ള നിയമാനസൃത ഇളവ് =20%)284= 1137<br>PT=1137,<br>LC(5%)=57 | PT= 758<br>LC=38 | 379 | 19 |
| ശ്രീ. സയ്യിദ് ഹസൻ സൈനൽ ആബിദ്(3/35A) | ഗാർഹികം,<br>232.42 m2 | 232.42*6=1395+<br>(അന്വേഷണ ഉദ്യഗസ്ഥന്റെ റിപ്പോർട്ട്<br>പ്രകാരമുള്ള നിയമാനസൃത വർദ്ധനവ്= 20%)278=<br>1673<br>PT=1673<br>LC(5%)=84 | PT=1116<br>LC=56 | 557 | 28 |
| ശ്രീ. മുഹമ്മദ്കുട്ടി<br>(10/156A) | ഗാർഹികം,<br>207.3 m 2 | 207.3 *6=1244-<br>(അന്വേഷണ ഉദ്യഗസ്ഥന്റെ റിപ്പോർട്ട്<br>പ്രകാരമുള്ള നിയമാനസൃത ഇളവ് =10%) 124=1120<br>PT= 1120<br>LC=56(5%) | PT= 747<br>LC=38 | 373 | 18 |
| ശ്രീ. ഗോപാലകൃഷ്ണൻ | ഗാർഹികം,<br>209 .11m2 | 209.11*6=1255-<br>(അന്വേഷണ | PT= 753<br>LC=57 | 377 | 19 |

| | | | | | |
|---|---|---|---|---|---|
| (16/320A) | | ഉദ്യഗസ്ഥന്റെ റിപ്പോർട്ട് പ്രകാരമുള്ള നിയമാനുസൃത ഇളവ് =10%) 125=1130<br>PT= 1130<br>LC=57(5%) | | | |
| ശ്രീ. കെ.ജിതേന്ദ്രൻ (16/16A) | ഗാർഹികം,<br>246.03 m2 | 246.03*6= 1476-<br>(അന്വേഷണ ഉദ്യഗസ്ഥന്റെ റിപ്പോർട്ട്<br>പ്രകാരമുള്ള നിയമാനുസൃത ഇളവ് =10%) 147=1329<br>PT= 1329<br>LC=66(5%) | PT= 886<br>LC=45 | 443 | 21 |
| ശ്രീ. ഉസ്മാൻ (6/426B) | ഗാർഹികം,<br>202 m2 | 202*6=1212-<br>(അന്വേഷണ ഉദ്യഗസ്ഥന്റെ റിപ്പോർട്ട്<br>പ്രകാരമുള്ള നിയമാനുസൃത ഇളവ് =10%)121<br>PT= 1091<br>LC=55(5%) | PT= 728<br>LC=37 | 363 | 18 |
| ശ്രീ. സൈതലവി (10/516A) | ഗാർഹികം,<br>204 m2 | 204*6=1224-<br>(അന്വേഷണ ഉദ്യഗസ്ഥന്റെ റിപ്പോർട്ട്<br>പ്രകാരമുള്ള നിയമാനുസൃത ഇളവ് =10%) 122=1102<br>PT= 1102<br>LC=55(5%) | PT= 735<br>LC=37 | 367 | 18 |

| | | | | | |
|---|---|---|---|---|---|
| ശ്രീ. ഇല്യാസ് (6/584A) | ഗാർഹികം, 219 m2 | 219*6=1314- (അന്വേഷണ ഉദ്യഗസ്ഥന്റെ റിപ്പോർട്ട് പ്രകാരമുള്ള നിയമാനുസൃത ഇളവ് =10%) 131=1183 PT= 1183 LC=59(5%) | PT= 702 LC=36 | 481 | 23 |
| ശ്രീ. അബ്ദുൾഗഫൂർ 16/1B | ഗാർഹികം, 205.58m2 | 205.58*6=1233- (അന്വേഷണ ഉദ്യഗസ്ഥന്റെ റിപ്പോർട്ട് പ്രകാരമുള്ള നിയമാനുസൃത ഇളവ് =10%) 123=1110 PT= 1110 LC=56(5%) | PT= 741 LC=38 | 492 | 18 |
| ശ്രീ. ഇബ്രാഹീം (9/307E) | ഗാർഹികം, 233.59 m2 | 233.59*6= 1402- (അന്വേഷണ ഉദ്യഗസ്ഥന്റെ റിപ്പോർട്ട് പ്രകാരമുള്ള നിയമാനുസൃത ഇളവ് =20%)280= 1122 PT= 1122 LC=56(5%) | PT=748 LC=38 | 374 | 18 |
| | | | ആകെ | 5067 | 241 |

ഈ വിഷയം ഉന്നയിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ- 2/18-1-2017 ന് നൽകിയ മറുപടിയിൽ സോഫ്റ്റ്‌വെയർ അപ്ഡേറ്റ് ചെയ്യാത്തത് മൂലമാണ് ഇപ്രകാരം ഈടാക്കാത്തത് എന്ന് അറിയിച്ചു. സോഫ്റ്റ്‌വെയർ അപ്ഡേറ്റ് ചെയ്യേണ്ടതും പ്രസ്തുത 5067 രൂപയും 241 രൂപയുടെ LC യും ഈടാക്കേണ്ടതാണ്.

## 2-9 തൊഴിൽ നികുതി -പിരിവ് അപാകതകൾ

2015-16 വർഷ തൊഴിൽ നികുതി പരിശോധനയിൽ താഴെപ്പറയുന്ന ജീവനക്കാർ/സ്ഥാപനങ്ങൾ1994 ലെ കേരളാ പഞ്ചായത്ത് രാജ് ആക്ട് സെക്ഷൻ 204 ,കേരള മുനിസിപ്പാലിറ്റി ആക്ട് സെക്ഷൻ 245 പ്രകാരമുള്ള തൊഴിൽ

നികുതി അടവാക്കിയില്ല .വിശദ വിവരം ചുവടെ ചേർക്കുന്നു.

1)താഴെപ്പറയുന്ന സ്ഥാപനങ്ങൾ സ്ഥാപന തൊഴിൽ നികുതി അടവാക്കിയില്ല

| സ്ഥാപനങ്ങൾ | വർഷം/അർദ്ധവർഷം | ഡിമാന്റ് രജിസ്റ്റർ പ്രകാരം ഈടാക്കേണ്ട സ്ഥാപന തൊഴിൽ നികുതി |
|---|---|---|
| മാവേലി സ്റ്റോർ ചെട്ടിപ്പടി | 2015-16 $2^{nd}$ half | 1250 |
| ആകെ | | 1250 |

ഈ വിഷയം ഉന്നയിച്ച് നൽകിയ ഓഡിററ് എൻക്വയറി നമ്പർ.3/18-1-2017 ന് മറുപടി നൽകിയിട്ടില്ല. പ്രസ്തുത തുക ഈടാക്കി വിവരം ആദ്യമറുപടിയിൽ തന്നെ ലഭ്യമാക്കേണ്ടതാണ്

2)റേഷൻ കടകളുടെ സ്ഥാപന തൊഴിൽനികുതി ഡിമാന്റ് ചെയ്ത് പിരിച്ചെടുത്തില്ല.

ഗ്രാമ പഞ്ചായത്തിന്റെ/നഗരസഭ പരിധിയിൽ പ്രവർത്തിക്കുന്ന റേഷൻകടകളുടെ 1994 ലെ കേരളാ പഞ്ചായത്തീരാജ് ആക്ട് സെക്ഷൻ 204 ,കേരള മുനിസിപ്പാലിറ്റി ആക്ട് സെക്ഷൻ 245 പ്രകാരമുള്ള തൊഴിൽ നികുതി ഡിമാന്റ് ചെയ്ത് പിരിച്ചെടുത്തിട്ടില്ല.

ഈ വിഷയം ഉന്നയിച്ച് നൽകിയ ഓഡിററ് എൻക്വയറി നമ്പർ.3/18-1-2017 ന് ലഭ്യമാക്കിയ മറുപടിയിൽ തുക ഈടാക്കി അറിയിക്കുന്നതാണെന്ന് അറിയിച്ചു. 1250/- രൂപ ബന്ധപ്പെട്ടവരിൽ നിന്നും ഈടാക്കേണ്ടതാണ്.

## 2-10 കംഫർട്ട് സ്റ്റേഷൻ വാടക പൂർണ്ണമായി പിരിച്ചെടുത്തിട്ടില്ല

കംഫർട്ട് സ്റ്റേഷൻ വാടക പിരിച്ചെടുക്കുന്നതിനുള്ള കുത്തക 1,02,250രൂപയ്ക്ക് ലേലം കൊണ്ടത് ശ്രീ.കെ.ഹംസ കാവുങ്ങൽ എന്നവരാണ്. 2,454രൂപ ആദായ നികുതി ഉൾപ്പെടെ 1,04,704 രൂപയിൽ 88,583 രൂപ മാത്രമാണ് ലേലക്കാരൻ ഒടുക്കിയിട്ടുള്ളത്. 16,121 രൂപയുടെ കുടിശ്ശിക പിരിച്ചെടുത്തിട്ടില്ല. 19 /24.01.2017 നമ്പർ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയില്ല. തുക ഈടാക്കി വിവരം ലഭ്യമാക്കേണ്ടതാണ്.

## 2-11 പരസ്യ നികുതിയിനത്തിൽ കുടിശ്ശിക

പരസ്യ നികുതി പിരിച്ചെടുക്കുന്നതിനുള്ള കുത്തക 6,000രൂപയ്ക്ക് ലേലം കൊണ്ടത് ശ്രീ.അഷ്റഫ്,സഫാന മൻസിൽ, കോഴിക്കോട് എന്നവരാണ്. ലേലക്കാരൻ 5,000 രൂപ മാത്രമാണ് 11405108856/23.03.205രശീതി

പ്രകാരം ഒടുക്കിയിട്ടുള്ളത്. 1,000 രൂപയുടെ കുടിശ്ശിക പിരിച്ചെടുത്തിട്ടില്ല. 20/24.01.2017 നമ്പർ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയില്ല. പ്രസ്തുത 1000/-രൂപ ബന്ധപ്പെട്ടവരിൽ നിന്നും ഈടാക്കേണ്ടതാണ്.

## 2-12 സായുധ സേനാ പതാക ഫണ്ട് വിഹിതം നൽകിയില്ല.

20.09.1995 ലെ 35548/ഡി.3/95/ത.ഭ.വ. നമ്പർ സർക്കുലർ പ്രകാരം ഡിസംബർ 7ലെ വിനോദ നികുതി സായുധ സേനാ ഫണ്ടിലേക്ക് നൽകുന്നതിന് നിർദ്ദേശിച്ചിട്ടുള്ളതാണ്. നഗരസഭയുടെ 07.12.2015ലെ വിനോദ നികുതി വരവ് വിവരം താഴെ കൊടുക്കുന്നു.

| തിയ്യേറ്റർ | ഒടുക്കിയ തുക | റസീപ്റ്റ് നമ്പർ/ തീയതി |
|---|---|---|
| പ്രയാഗ് മൂവീസ് | 765 | 105670/8.12.15 |
| ജയകേരള മൂവീസ് | 4992 | 105671/8.12.15 |
| പല്ലവി മൂവീസ് | 2715 | 105672/8.12.15 |
| ആകെ | 8472 | |

ഇത് സംബന്ധിച്ച് 10/21.01.2017നമ്പർ ഓഡിറ്റ് എൻക്വയറി നൽകിയെങ്കിലും പ്രസ്തുത തുക സായുധ സേനാ ഫണ്ടിലേക്ക് നൽകിയ രേഖ പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല.തുക ഒടുക്കി വിവരം ലഭ്യമാക്കേണ്ടതാണ്.

## 2-13 വരവ് ഇനങ്ങളിൽ വൻ തുകകൾ കുടിശ്ശികയായി അവശേഷിക്കുന്നു

നഗരസഭയുടെ വരവ് - ചെലവ് കണക്കുകൾ പരിശോധിച്ചതിൽ ബാലൻസ് ഷീറ്റ് ഷെഡ്യൂൾ B – 15 പ്രകാരം 31-03-16ന് വിവിധ വരവ് ഇനങ്ങളിൽ ചുവടെ കൊടുത്തിരിക്കും പ്രകാരമുള്ള തുകകൾ പിരിച്ചെടുക്കാൻഅവശേഷിക്കുന്നതായി കാണുന്നു.

| ഇനം | തുക |
|---|---|
| കെട്ടിട നികുതി(വാസ ഗൃഹങ്ങൾ) | 1,27,53,393 |
| തൊഴിൽ നികുതി | 11,250 |
| വാടക | 8,12,265 |
| മറ്റു ഫീസുകൾ | 53,861 |
| മറ്റു വാടക | 75,280 |
| മറ്റു വരവുകൾ | 14,084 |
| ആകെ | 1,37,73,994 രൂപ |

ഇത്രയും ഭീമമായ തുക പിരിച്ചെടുക്കാൻ അവശേഷിക്കുന്നു എന്നുള്ളത് സ്ഥാപനത്തിന്റെ സാമ്പത്തിക ഭദ്രതയെ തന്നെ സാരമായി ബാധിക്കുന്നകാര്യമായതിനാൽ ആയത് അത്യന്തം ഗൗരവത്തോടെ കാണേണ്ടിയിരിക്കുന്നു. ആയതിനാൽ ടി തുകകൾ കാലഹരണപ്പെട്ട് പോകാതെ, സമയബന്ധിതമായി പിരിച്ചെടുക്കാൻ വേണ്ട അടിയന്തിര നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്. ഇക്കാര്യത്തിലേക്ക് ഭരണ സമിതിയുടെ അടിയന്തിര ശ്രദ്ധ ക്ഷണിക്കുന്നു

# ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 വാലൻതോട് ഇടവഴി പാത്ത്വേ പുനരുദ്ധാരണം - അധികം തുക നൽകി

അസി.എഞ്ചിനീയർ നിർവഹണം നടത്തിയ വാലൻതോട് ഇടവഴി പാത്ത്വേ പുനരുദ്ധാരണപ്രവൃത്തി (പ്രോജക്റ്റ് നം. 213/16) മൂല്യനിർണ്ണയം നടത്തി Memorandum of payment തയ്യാറാക്കിയതിൽ വന്ന പിഴവുമൂലം 5786 രൂപ അധികം ചെലവായിട്ടുണ്ട്. വിശദവിവരം ചുവടെ ചേർക്കുന്നു.

എസ്റ്റിമേറ്റ് : 3,50,000

അളവുപുസ്തകം : 31/15-16

കൺവീനർ : ശ്രീ. സി.ടി.ബഷീർ

വൗച്ചർ നം. : 128/19.03.16

എം ബുക്ക് പ്രകാരം ആകെ പ്രവൃത്തിമൂല്യം : 324729.88
ഫൈനൽ ബിൽ നൽകിയത് താഴെപറയും പ്രകാരമാണ്.

പ്രവൃത്തിമൂല്യം : 330189

5% VAT : 16509

1% KCWWF : 3302

ആകെ : 3,50,000 രൂപ

ഫൈനൽ ബില്ലിൽ യഥാർത്ഥ പ്രവൃത്തിമൂല്യത്തേക്കാൾ കൂടിയ തുക അനുവദിച്ചത് മൂലം നഗരസഭക്ക് സാമ്പത്തിക നഷ്ടമുണ്ടായി. ശരിയായ മൂല്യനിർണ്ണയം ചുവടെ ചേർക്കുന്നു.

ആകെ പ്രവൃത്തിമൂല്യം : 324729.88

5% VAT : 16236.49

1% KCWWF : 3247.30

ആകെ : 3,44,213.67രൂപ

യഥാർത്ഥ ചെലവ് = 3,44,214 രൂപ

നൽകിയത് : 3,50,000

അധികം നൽകിയത് : 5,786 രൂപ

അധികം നൽകിയ 5,786 രൂപ ഉത്തരവാദികളിൽ നിന്നീടാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

ഈ അപാകത ചൂണ്ടിക്കാണിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി (നം. 18/24.01.17) ക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല.

## 3-2 റോഡ് കോൺക്രീറ്റ് പ്രവൃത്തിക്ക് അധിക നിരക്ക് നൽകി

2015-16 വർഷത്തിൽ നഗരസഭയിൽ നടപ്പാക്കിയ മരാമത്ത് പ്രവൃത്തികൾക്ക് DSR -2014 പ്രകാരമാണ് നിരക്കുകൾ അനുവദിച്ചിരിക്കുന്നത്. DSR പ്രകാരം പ്രവൃത്തികൾക്ക് ജില്ലാതലത്തിൽ ഏകീകൃത നിരക്കാണ് അനുവദിച്ചിട്ടുള്ളത്. എന്നാൽ 2015-16 ൽ അസി.എഞ്ചിനീയർ നടപ്പാക്കിയ വിവിധ റോഡ് കോൺക്രീറ്റ് പ്രവൃത്തികളിൽ, 20 മി.മീ മെറ്റൽ ഉപയോഗിച്ച് 1:2:4 അനുപാതത്തിലുള്ള സിമന്റ് കോൺക്രീറ്റ് പ്രവൃത്തിക്ക് നഗരസഭയിൽ അനുവദിച്ച നിരക്ക് (₹6534.40/ m3) സമീപ പഞ്ചായത്തുകളിൽ/ ബ്ലോക്കുകളിൽ അനുവദിച്ച നിരക്കിനേക്കാൾ (₹ 6202.09/ m3) കൂടുതലാണ്.

20 മി.മീ മെറ്റൽ ഉപയോഗിച്ച് 1:2:4 അനുപാതത്തിൽ സിമന്റ് കോൺക്രീറ്റ് പ്രവൃത്തിക്ക് കരാറുകാരന്റെ ലാഭവിഹിതവും ഓവർഹെഡ് ചാർജ്ജും കൂടാതെ ₹ 6534.40/ ക്യൂ.മീ (DSR Code 11.7) എന്ന നിരക്കാണ് അനുവദിച്ച് നൽകിയിരിക്കുന്നത്. എന്നാൽ ഇതേ പ്രവൃത്തിക്ക് കൊണ്ടോട്ടി, താനൂർ ബ്ലോക്കുകളിൽ ₹ 6202.09/ ക്യൂ.മീ (DSR Code 4.1.3) എന്ന നിരക്കാണ് അനുവദിച്ചിരിക്കുന്നത്.

മരാമത്ത് പ്രവൃത്തിക്ക് ജില്ലാതലത്തിൽ ഏകീകൃത നിരക്കുകൾ അനുവദിച്ചിരിക്കെ, നഗരസഭയിൽ നടപ്പാക്കിയ 1:2:4 കോൺക്രീറ്റ് പ്രവൃത്തിക്ക് ഉയർന്ന നിരക്ക് അനുവദിച്ച് നൽകിയതിന് കാരണം അറിയിക്കാൻ ആവശ്യപ്പെട്ട്

നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.5/18.01.17) ലഭ്യമാക്കിയ മറുപടിയിൽ, റോഡ് ലെവൽ ചെയ്ത് ആവശ്യമായ സ്ലോപ് നൽകുന്നതിനും ജോയിന്റ് ഗ്രിഡ് ലൈൻ നിർമ്മിക്കുന്നതിനും റോഡ് ഉപരിതലം ഇടിച്ച് അമർത്തുന്നതിനും റോഡുകൾക്ക് വേണ്ട ഫ്രിക്ഷൻ നൽകുന്നതിനും വേണ്ടിയാണ് ഈ നിരക്ക് നൽകിയതെന്ന് വിശദീകരിച്ചു.

ഇത്തരം വ്യത്യാസങ്ങൾ ഇല്ലാതിരിക്കേണ്ടതും നിരക്കുകളിൽ ജില്ലയിലുടനീളം ഐകരൂപ്യം ഉണ്ടാകേണ്ടതുമാണ്.

## 3-3 മരാമത്ത് പ്രവൃത്തി - പൊതു അവലോകനം

2015-16 ൽ നഗരസഭയുടെ മൊത്തം വാർഷിക പദ്ധതി ചെലവിന്റെ 49.39ശതമാനം പൊതുമരാമത്ത് പ്രവൃത്തികൾക്കാണ് വിനിയോഗിച്ചത്. തനതു വിഹിതം ഉൾപ്പെടെ വിവിധ സ്രോതസ്സുകളിൽ നിന്നുള്ള ഫണ്ട് വകയിരുത്തി അസി.എഞ്ചിനീയർ നിർവ്വഹണം നടത്താൻ 248 പ്രോജക്റ്റുകൾ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി.ഇതിൽ 145 പ്രൊജക്റ്റുകളാണ് തൻവർഷത്തിൽ നടപ്പാക്കിയിട്ടുള്ളത്. ഒരു അസി.എഞ്ചിനീയർ, രണ്ട് ഓവർസിയർമാർ എന്നിവർ ഉൾപ്പെടുന്ന എൽ എസ് ജി ഡി എഞ്ചിനീയറിംഗ് വിഭാഗത്തിൽ ഒരു ഓവർസിയറുടെ സേവനം മാത്രമാണ് മുഴുവൻ സമയവും ലഭ്യമായിരുന്നത്.മൂന്നിയൂർ ഗ്രാമ പഞ്ചായത്ത് അസി.എഞ്ചിനീയർക്ക് ഇവിടെ അഡീഷനൽ ചാർജായിരുന്നു.ഒരു ഓവർസിയർ തസ്തിക 2015 സെപ്തംബറിനു ശേഷം ഒഴിഞ്ഞു കിടക്കുകയുമായിരുന്നു. എഞ്ചിനിയറിംഗ് വിഭാഗത്തിന്റെ മാനുഷിക വിഭവശേഷിയിൽ ഒതുങ്ങി നിൽക്കാത്ത എണ്ണത്തിൽ പ്രോജക്റ്റുകൾ തയ്യാറാക്കി നടപ്പിലാക്കുന്നത് മരാമത്ത് പ്രവൃത്തി നടത്തിപ്പിന്റെ മേൽനോട്ടം അസാദ്ധ്യമാക്കുന്നുണ്ട്. എഞ്ചിനിയറിംഗ് വിഭാഗം ജീവനക്കാരുടെ സാനിദ്ധ്യത്തിലാണ് മരാമത്ത് പ്രവൃത്തി നടത്തേണ്ടത് എങ്കിലും പ്രവൃത്തികളുടെ ആധിക്യം മൂലവും ജീവനക്കാരുടെ കുറവ് മൂലവും ഇത് പലപ്പോഴും സാധിക്കുന്നില്ല. ഇക്കാരണത്താൽ തന്നെ മരാമത്ത് പ്രവൃത്തികൾ നിശ്ചിത ഗുണനിലവാരത്തിൽ നടത്തുണ്ട് എന്ന് ഉറപ്പ് വരുത്താനും സാധിക്കുന്നില്ല.

വാർഷിക പദ്ധതിയിൽ ഉൾപ്പെടുന്ന മരാമത്ത് പ്രവൃത്തികളുടെ പ്രോജക്റ്റുകൾ പരിശോധിച്ചതിൽ പദ്ധതികളുടെ രൂപീകരണത്തിലും നിർവ്വഹണത്തിലും പദ്ധതി മാർഗ്ഗരേഖയിലെ നിർദ്ദേശങ്ങൾ, കേരള പഞ്ചായത്ത് രാജ് പൊതുമരാമത്ത് പ്രവൃത്തികളുടെ നടത്തിപ്പ് ചട്ടങ്ങൾ എന്നിവയിയിലെ വ്യവസ്ഥകൾ ലംഘിക്കപ്പെടുന്നതിന്റെ വിശദാംശം താഴെ ചേർക്കുന്നു.

1.റോഡ് കണക്റ്റിവിറ്റി പ്ലാൻ തയ്യാറാക്കാതെ പ്രവൃത്തികൾ ഏറ്റെടുക്കുന്നു

റോഡുകളുടെ പുനരുദ്ധാരണം, ടാറിംഗ്, റീടാറിംഗ് പ്രവൃത്തികൾ ഏറ്റെടുക്കുമ്പോൾ ആസ്തി രജിസ്റ്ററിൽ രേഖപ്പെടുത്തിയ റോഡിന്റെ വിശദാംശം, യുനീക്ക് നമ്പർ ഉൾപ്പെടെയുള്ള കാര്യങ്ങൾ പ്രോജക്റ്റ് ഫോറത്തിലും, എസ്റ്റിമേറ്റ് റിപ്പോർട്ടിലും രേഖപ്പെടുത്താൻ നിർദ്ദേശമുള്ളതാണ്. ആസ്തി രജിസ്റ്ററിന്റെ അപ്ഡേറ്റിംഗ് നടക്കാത്ത സാഹചര്യത്തിൽ ഇത്തരം നിർദ്ദേശങ്ങൾ പ്രയോഗതലത്തിൽ വരുത്താനായില്ല.

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ അധികാര പരിധിയിൽ വരുന്ന ഹൈവേകളും മേജർ ജില്ലാ റോഡുകളുമായും ഏറ്റവും ചെറിയ ജനവാസ സ്ഥലങ്ങളിൽവരെ എത്തിച്ചേരുന്നതുമായ എല്ലാ റോഡുകളുടേയും ഒരു കണക്റ്റിവിറ്റി പ്ലാൻ തയ്യാറാക്കി അംഗീകാരം വാങ്ങണമെന്ന് പതിനൊന്നാം പഞ്ചവൽസര പദ്ധതി മുതലുള്ള മാർഗ്ഗരേഖകളിൽ നിർദദ്ദേശമുള്ളതുമാണ്. തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ കണക്റ്റിവിറ്റി മാപ്പുകൾ തയ്യാറാക്കുന്നതിനുള്ള നടപടി അടിയന്തിരമായി സ്വീകരിക്കാനും 28.2.2015 നകം പൂർത്തീകരിക്കാനും തദ്ദേശ ഭരണ വകുപ്പിന്റെ 14.10.2014 ലെ 45023/AB2/2014 സർക്കുലറിലും നിർദ്ദേശിച്ചതാണെങ്കിലും പ്രാരംഭ നടപടി പോലും പൂർത്തിയാക്കായില്ലായെന്ന് കാണുന്നു. എഞ്ചിനീയറിംഗ് സ്ഥാപനമേധാവികൾ കണക്റ്റിവിറ്റി പ്ലാനിന്റെ ആവശ്യകത തദ്ദേശഭരണ സ്ഥാപനങ്ങളെ ബോദ്ധ്യപ്പെടുത്താനും അതിനുള്ള പ്രോജക്റ്റ് നിർബന്ധമായും ഏറ്റെടുക്കാനുമുള്ള ചീഫ് എഞ്ചിനീയറുടെ 24.09.2014 ലെ DB2/8510/14 ലെ സർക്കുലറിലെ നിർദ്ദേശം നടപ്പിലാക്കേണ്ടതാണ്.

2.റോഡ് കോൺക്രീറ്റിംഗ് വ്യാപകമായി നിർവ്വഹിക്കുന്നു.

റോഡ് നിർമ്മാണം, മെച്ചപ്പെടുത്തൽ, പുനരുദ്ധാരണം എന്നിവയിൽ ചീഫ് എഞ്ചിനീയറുടെ നിലവിലുള്ള വ്യവസ്ഥകൾ പാലിച്ച് കൊണ്ട് മാത്രമേ കോൺക്രീറ്റിംഗ് പ്രവൃത്തികൾ ഏറ്റെടുക്കാവൂവെന്ന് പദ്ധതി മാർഗ്ഗരേഖയിൽ വ്യക്തമാക്കിയതാണ്. എന്നാൽ 3 മീറ്ററും അതിലധികവും വീതിയുള്ള റോഡിന്റെ ഉപരിതലം

പോലും കോൺക്രീറ്റിംഗ് ചെയ്യുന്നത് മഴവെള്ളം കെട്ടി നിൽക്കുന്ന പ്രദേശം, കുത്തനെ കയറ്റമുള്ള റോഡ് പ്രതലം എന്നിങ്ങനെ എസ്റ്റിമേറ്റ് റിപ്പോർട്ടിൽ രേഖപ്പെടുത്തിയാണ്. എസ്റ്റിമേറിൽ വ്യക്തമായ കാരണം രേഖപ്പെടുത്താതെയും കോൺക്രീറ്റിംഗ് വ്യാപകമായി ചെയ്യുന്നുണ്ട്. വീതി 3 മീറ്ററിൽ താഴെയുള്ള നടപ്പാതകളിൽ പൂർണ്ണമായും കോൺക്രീറ്റിംഗാണ് നിർവ്വഹിക്കുന്നത്. സബ് ബേസ് സ്ട്രെങ്ത്തനിംഗ് ഉറപ്പ് വരുത്തിയ ശേഷവും 1:2:4 കോൺക്രീറ്റിംഗ് ചീഫ് എഞ്ചിനീയറുടെ നിർദ്ദേശ പ്രകാരമുള്ള 7.5 സെ.മീ. കനത്തിൽ അധികം നിർവ്വഹിക്കുന്നതിനുള്ള കാരണം വ്യക്തമാക്കേണ്ടതാണ്.

മഴവെള്ളം ഒഴുകിപ്പോകാൻ വേണ്ടത്ര സംവിധാനങ്ങളില്ലായെന്ന വസ്തുത നിലനിൽക്കുമ്പോൾ തന്നെ നിർമ്മാണത്തിനും മെയിന്റനൻസിനും വലിയ സാമ്പത്തിക ചെലവ് വരുത്തിവെക്കുന്ന കോൺക്രീറ്റിംഗ് അവശ്യമായ സ്ഥലങ്ങളിൽ മാത്രമായി പരിമിതപ്പെടുത്തേണ്ടതാണ്. പഞ്ചാത്ത് ഭരണ സമിതിയും സാങ്കേതിക മേൽനോട്ടം വഹിക്കുന്ന അസി.എഞ്ചിനീയറും നിർദ്ദേശം പരിശോധിച്ച് വ്യക്തമായ വിശദീകരണം നൽകേണ്ടതാണ്.

3. ഗുണഭോക്തൃ സമിതികളുടെ പ്രവർത്തനത്തിലെ അപാകതകൾ

മരാമത്ത് പ്രവൃത്തികളുടെ നിർവ്വഹണത്തിന് ഗുണഭോക്തൃ സമിതികളുടെ സംഘാടനപരമായ കഴിവും സാമ്പത്തിക ശേഷിയും ഒരു തലത്തിലും പരിശോധിക്കപ്പെടുന്നില്ല.

പ്രവൃത്തി സംബന്ധിച്ച് സൈറ്റിൽ ഡിസ്പ്ലേ ബോർഡ് പ്രദർശിപ്പിക്കാനുള്ള നിർദ്ദേശം ഒരു മരാമത്ത് പ്രവൃത്തിയുടെ നിർവ്വഹണത്തിലും നടപ്പിലാക്കുന്നില്ല. കോൺട്രാക്ടറുടെ/കൺവീനറുടെ പേര്, ഫോൺ നമ്പർ, എഞ്ചിനീയറുടെ പേര്, ഫോൺ നമ്പർ, അടങ്കൽ തുക, പ്രവൃത്തി ഇനങ്ങൾ തുടങ്ങിയ വിവരങ്ങൾ ഉൾപ്പെടുത്തി ഡിസ്പ്ലേ ബോർഡ് സ്ഥാപിക്കാൻ എസ്റ്റിമേറ്റിൽ തുക വകയിരുത്താനും ചെലവഴിക്കാനും മാർഗ്ഗരേഖയിൽ വ്യവസ്ഥയുള്ളതാണ്. റോഡുകൾ നിർമ്മിക്കുമ്പോൾ പദ്ധതി ആസൂത്രണ മാർഗ്ഗരേഖയിലെ നിർദ്ദേശ പ്രകാരമുള്ള ബോർഡുകൾ വയ്ക്കണമെന്ന് തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 14.10.2014 ലെ 45023/AB2/2014നമ്പർ സർക്കുലറിലും കർശന നിർദ്ദേശം നൽകിയതാണ്. ഗുണഭോക്തൃ കമ്മറ്റികൾ വഴിയുള്ള മരാമത്ത് പ്രവൃത്തികളുടെ നിർവ്വഹണത്തിൽ 1997 ലെ കേരള പഞ്ചായത്ത് രാജ് പൊതുമരാമത്ത് പ്രവൃത്തികളുടെ നടത്തിപ്പ് ചട്ടങ്ങളിലെ വ്യവസ്ഥകൾ പാലിക്കുന്നുവെന്ന് ഉറപ്പ് വരുത്താൻ തദ്ദേശഭരണ വകുപ്പിന്റെ 4.3.2013 ലെ 1047/DA1/2013 ലെ സർക്കുലറിലും വ്യക്തമാക്കിയത് നടപ്പിലാക്കേണ്ടതാണ്.

4.ഗുണഭോക്തൃ സമിതികളുടെ വരവ് ചെലവ് കണക്ക് സൂക്ഷ്മ പരിശോധന നടത്തുന്നില്ല.

ഗുണഭോക്തൃ സമിതികൾ ഏറ്റെടുത്ത് നടപ്പിലാക്കുന്ന പ്രവൃത്തികളിൽ ചെലവ് കണക്കാക്കുന്നത് എസ്റ്റിമേറ്റിനെ അടിസ്ഥാനമാക്കിയുള്ള എഞ്ചിനീയറുടെ മൂല്യനിർണ്ണയ തുക, സമിതിക്ക് ചെലവായത് ഇവയിൽ കുറവായ തുകയാണ് അനുവദിക്കാൻ നിർദ്ദേശമുള്ളത്. നിർവ്വഹണവുമായി ബന്ധപ്പെട്ട് ഗുണഭോക്തൃ സമിതി സൂക്ഷിക്കുന്ന മുഴുവൻ മെറ്റീരിയൽ പർച്ചേസ് ബില്ലുകളും തൊഴിലാളികൾക്ക് കൂലി വിതരണവുമായി ബന്ധപ്പെട്ട മസ്റ്റർറോളും സൂക്ഷ്മ പരിശോധന നടത്തി യഥാർത്ഥ ചെലവ് നിർവ്വഹണ ഉദ്യോഗസ്ഥൻ സാക്ഷ്യപ്പെടുത്തണം.

ഗുണഭോക്തൃ സമിതികൾ ഏറ്റെടുത്ത് നടപ്പാക്കിയ വിവിധ പ്രവൃത്തികളിൽ ചെലവുരേഖകൾ ശരിയായി സൂക്ഷിക്കുന്നില്ല.വിവിധ സാധനങ്ങൾക്ക് വാറ്റ് ബില്ല് അല്ല ഭൂരിപക്ഷം സമിതികളും സമർപ്പിച്ചിട്ടുള്ളത്. മെറ്റൽ , മണൽ എന്നിവ വാങ്ങുന്നതിന് യഥാർത്ഥബില്ല് ഒരു ഫയലിൽ പോലും കണ്ടെത്താൻ സാധിച്ചില്ല. സാധനങ്ങൽ ലഭ്യമാക്കിയതിന് വിവിധ വാഹന ഡ്രൈവർമാർക്ക് പണം നൽകിയതായ കൈപ്പറ്റ് രസീതി മാത്രമാണ് ലഭ്യമാക്കിയത്. ഇതിൽ തന്നെ പലതിലും രേഖപ്പെടുത്തിയ ലോറി നമ്പർ മോട്ടോർ വാഹന വകുപ്പിന്റെ വെബ്സൈറ്റ് പ്രകാരം മറ്റു വാഹനങ്ങളുടേതാണ്.(ഉദാ: KL 10 D 4001-മാരുതി കാർ, KL 10 B 3236 – ഓട്ടോറിക്ഷ, KL 10 D 9291 – മോട്ടോർ സൈക്കിൾ)

ഗുണഭോക്തൃ സമിതി മുഖേന നടപ്പാക്കുന്ന റോഡ് ടാറിംഗ് പ്രവൃത്തികളിൽ ഒന്നുംതന്നെ ടാർ വാങ്ങിയ ബില്ല് സമർപ്പിച്ചിട്ടില്ല. മരാമത്ത് പ്രവൃത്തികളുടെ ചെലവ് അനുവദിക്കുമ്പോൾ ഗുണഭോക്തൃ സമിതികളുടെ വരവ് ചെലവുകളുടെ കൃത്യത ബന്ധപ്പെട്ട ബിൽ, മസ്റ്റർറോൾ സഹിതം സൂക്ഷമപരിശോധന നടത്തേണ്ടതാണ്.

5.ഇ-ടെൻഡർ നടപ്പിലാക്കിയില്ല

2015-16 വർഷം മുതൽ അഞ്ച് ലക്ഷവും അതിന് മുകളിലും അടങ്കലുള്ള മരാമത്ത് പ്രവൃത്തികൾ ഇ-ടെണ്ടർ മുഖേന

നടപ്പിലാക്കണം എന്ന് സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. എന്നാൽ,അഞ്ച് ലക്ഷവും അതിന് മുകളിലും അടങ്കലുള്ള ധാരാളം പ്രവൃത്തികൾക്ക് വാർഷിക പദ്ധതിയിൽ അംഗീകാരം നേടിയെങ്കിലും നഗരസഭ ഇ-ടെണ്ടർ ചെയ്തില്ല. (ഉദാ : പ്രോജക്ട് നം. 244/16 – 7 ലക്ഷം, 252/16 – 6ലക്ഷം, 253/16 – 6 ലക്ഷം) സുതാര്യവും, കരാറുകാരുടെ ഒത്തുകളി സാദ്ധ്യത ഇല്ലാതാക്കുന്നതുമായ ഇ- ടെണ്ടർ നടപ്പാക്കാതിരുന്നതിന് വിശദീകരണം നൽകേണ്ടതാണ്.

## 3-4 ഡെപ്പോസിറ്റ് പ്രവൃത്തികൾ - പൂർത്തീകരണ വിവരം ലഭ്യമല്ല

2015-16 വർഷത്തിൽ ചുവടെ കൊടുത്തിരിക്കുന്ന പദ്ധതികൾ പ്രകാരം വിവിധ ഏജൻസികളിൽ വിവിധ തുകകൾ നിക്ഷേപിച്ചിട്ടുണ്ട്. വിശദ വിവരങ്ങൾ താഴെ ചേർക്കുന്നു(നിർവ്വഹണം : സെക്രട്ടറി)

| പ്രൊജക്ട്/പ്രൊജക്ട് നമ്പർ | ഫണ്ട് | തുക | വൗച്ചർ നമ്പർ | DD No/തീയതി |
|---|---|---|---|---|
| KWA Line extension/SO30/16 | തനത് | 34,000 | 21500335/31-3-16 | 729889/28-4-16 |
| | | 1,90,000 | 21500174/29-3-16 | 727384/29-3-16 |
| ഇലക്ട്രിസിറ്റി ലൈൻ ദീർഘിപ്പിക്കലും പോസ്റ്റ് മാറ്റി സ്ഥാപിക്കലും/S)33/16 | വികസന ഫണ്ട്(Gl) | 8,950 | 21500113/18-3-16 | 727384/29-3-16 |
| സമ്പൂർണ്ണ വൈദ്യുതീകരണം/SO226/16 | വികസന ഫണ്ട്(Gl) | 18,550 | 21500175/29-3-16 | 727375/29-3-16 |
| | | 28,171 | | 727875/31-3-16 |
| IAY(Gl)/SO231/16 | CFC | 7,00,000 | 21500177/30-3-16 | |
| IAY(SC)/SOO93/16 | വികസന ഫണ്ട്(SCP) | 80,000 | 21500182/30-3-16 | |
| അകെ = 10,59,671 രൂപ | | | | |

മേൽ പരാമർശിച്ച പദ്ധതികൾ പൂർത്തിയായിട്ടുണ്ടെങ്കിൽ ആയതിന്റെ വിവരവും പൂർത്തീകരണ സാക്ഷ്യ പത്രങ്ങളും ലഭ്യമാക്കേണ്ടതാണ്. ചെലവ് തുക 10,59,671 രൂപ ഓഡിറ്റിൽ തടസ്സം ചെയ്യുന്നു

## 3-5 ആരോഗ്യ സ്ഥാപനങ്ങളിലേക്കുള്ള മരുന്നുകൾ യഥാസമയം ലഭ്യമാവുന്നില്ല

മെഡിക്കൽ ഓഫീസർ(PHC) നിർവ്വഹണ ഉദ്യോഗസ്ഥനായി 2015-16 വർഷത്തിൽ വിവിധ ഡിസ്പെൻസറികളിലേക്ക് മരുന്നുകൾ വാങ്ങുന്നതിനുള്ള പ്രൊജക്ടുകൾ നടപ്പിലാക്കിയിട്ടുണ്ട്. ടി ഇനത്തിൽ ചെലവഴിച്ച തുകകളുടെ വിശദ വിവരങ്ങൾ ചുവടെ ചേർക്കുന്നു

| പ്രൊജക്ട്/നമ്പർ | തുക | ഫണ്ട് | ട്രഷറി ബിൽ നമ്പർ/തീയതി | DD No/തീയതി | ഏജൻസി |
|---|---|---|---|---|---|
| Purchaseof medicines to PHC (SOO2/16) | 1,00,000 | MG(NR) | 7/15-16, 11-11-15 | 724173/30-11-15 | KMSCL |
| " Fisheries Dispensary (SOO3/16) | 1,00,000 | MG(NR) | 8/15-16, 11-11-15 | 724174/30-11-15 | KMSCL |
| പരിരക്ഷ – മരുന്നുകൾ(SOO4/16) | 1,25,000 | Plan(Gl) | 16/15-16, 28-3-16 | 727458/30-03-16 | കാരുണ്യ ഫാർമസി |
| ആകെ = | 3,25,000 രൂപ | | | | |

ഇപ്രകാരം ആകെ 3,25,000 രൂപ മുൻകൂറായി ചെലവഴിച്ചിട്ടുണ്ടെങ്കിലും നാളിതുവരെ മരുന്നുകൾ ഒന്നും

ലഭ്യമായിട്ടില്ല.

സമയബന്ധിതമായി ലഭ്യമാവേണ്ടവയാണ് മരുന്നുകൾ എന്നിരിക്കെ, അവ യഥാസമയം ലഭ്യമാവാത്തത് അതാത് സമയത്തെ രോഗികൾക്ക് അവർക്ക് ആവശ്യമുള്ള സമയത്ത് മരുന്നുകൾ നൽകാൻ കഴിയാതെ വരുന്നതിന് ഇടയാക്കുന്നു. ആയതിനാൽ മേൽ പരാമർശിച്ച പ്രകാരമുള്ള തുകകൾക്കുള്ള മരുന്നുകൾ അതാത് ഏജൻസികളിൽ നിന്ന് ലഭ്യമാക്കാൻ ആവശ്യമായ അടിയന്തിര നടപടികൾ നിലവിലുള്ള മെഡിക്കൽ ഓഫീസർ സ്വീകരിക്കേണ്ടതാണ്. അവ ലഭ്യമാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്. ചെലവ് തുക, 3,25,000 രൂപ താല്ക്കാലികമായി തടസ്സം ചെയ്യുന്നു

## 3-6 വികലാംഗർക്ക് മുച്ചക്രവാഹനം - പ്രോജക്ട് നിർവഹണത്തിലെ അപാകതകൾ

വികലാംഗർക്ക് മുച്ചക്രവാഹനം നൽകുന്ന രണ്ടു പ്രോജക്ടുകൾ ഐ.എ.സി.ഡിസ് സൂപ്പർവൈസർ നടപ്പിലാക്കിയിട്ടുണ്ട്. വിശദ വിവരം താഴെ ചേർക്കുന്നു.

1) പ്രോജക്ട് നം. 345/16

വികലാംഗർക്ക് മുച്ചക്രവാഹനം

അടങ്കൽ : 6,00,000 (വികസന ഫണ്ട് - FC അവാർഡ്)

ചെലവ് : 5,56,000 (വികസന ഫണ്ട് - FC അവാർഡ്)

ട്രഷറി ബിൽ നം. 6/29.02.16

2) പ്രോജക്ട് നം. 354/16

വികലാംഗർക്ക് മുച്ചക്രവാഹനം (SC)

അടങ്കൽ :2,25,000 (വികസന ഫണ്ട് - SCP)

ചെലവ് :2,08,500 (വികസന ഫണ്ട് - SCP)

ട്രഷറി ബിൽ നം. 5/29.02.16

കുറ്റിപ്പുറം കെൽട്രോണിൽ നിന്ന് 17.02.16 ലെ MKTG/059/K , MKTG/060/K എന്നീ ഇൻവോയ്സുകൾ മുഖേന, സൈഡ് വീലോടുകൂടിയ സ്കൂട്ടർ 11 എണ്ണം വാങ്ങി ഗുണഭോക്താക്കൾക്ക് വിതരണം ചെയ്തു. മഹീന്ദ്ര കമ്പനിയുടെ Rodeo Uzo -125 എന്ന സ്കൂട്ടർ സൈഡ് വീൽ ഘടിപ്പിച്ചത് കെൽട്രോൺ വാങ്ങി നൽകുകയാണ് ചെയ്തത്. ഇതിന് ഒന്നിന് 69,500 രൂപ നിരക്കിൽ 7,64,500 രൂപയാണ് കെൽട്രോൺ ഈടാക്കിയത്. പനാമ മോട്ടോഴ്സ്, വെസ്റ്റ് ഹിൽ, കാലിക്കറ്റ് എന്ന ഡീലറിൽ നിന്നാണ് കെൽട്രോൺ ഈ സ്കൂട്ടറുകൾ വാങ്ങിയത്. എന്നാൽ ഡീലർ നൽകിയ ബില്ല് കെൽട്രോൺ ഹാജരാക്കിയിട്ടില്ല. പനാമ മോട്ടോഴ്സ് അധികൃതരുമായി ഓഡിറ്റ് ഫോണിൽ ബന്ധപ്പെട്ടപ്പോൾ 64,610 രൂപ നിരക്കിലാണ് അവർ കെൽട്രോണിന് വാഹനം നൽകിയതെന്ന് അറിയിച്ചു. വിശദ വിവരം ചുവടെ ചേർക്കുന്നു.

| | |
|---|---|
| വാഹനവില : | 49160 |
| സൈഡ് വീൽ ഫിറ്റിംഗ് : | 13000 |
| ഇൻഷ്വറൻസ് & രജിസ്ട്രേഷൻ : | 1950 |
| ട്രാൻസ്പോർട്ടിംഗ് ചാർജ് : | 500 |
| ആകെ : | 64610 |

പൊതുമേഖല സ്ഥാപനങ്ങൾ സ്വന്തമായി നിർമ്മിക്കുന്ന സാധനങ്ങൾ വിതരണം ചെയ്യുന്നതിനാണ് ടെണ്ടർ നടപടികളിൽ സർക്കാർ ഇളവനുവദിച്ചിട്ടുള്ളത്. എന്നാൽ സ്വകാര്യ കമ്പനിയിൽ നിന്ന് വാഹനം വാങ്ങി കൂടിയ വിലയ്ക്ക് വിതരണം ചെയ്യുകയാണ് കെൽട്രോൺ ചെയ്തത്. ഈ അപാകതക്ക് വിശദീകരണമാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 6/18.01.17), വാഹനവിലയും ഇൻഷ്വറൻസ്, രജിസ്ട്രേഷൻ,ട്രാൻസ്പോർട്ടേഷൻ ചാർജുകളും ലാഭവും ചേർന്ന വിലയാണ് ഈടാക്കുന്നതെന്നാണ് കെൽട്രോൺ അറിയിച്ചത്.ഈ മറുപടി തൃപ്തികരമല്ല. സ്വകാര്യ കമ്പനികളിൽ നിന്ന് വാഹനം വാങ്ങി കൂടിയവിലക്ക് വിൽക്കാൻ കെൽട്രോണിന് സർക്കാർ അനുമതി നൽകിയിട്ടുണ്ടെങ്കിൽ ആയതിന്റെ രേഖകൾ ഹാജരാക്കേണ്ടതാണ്. അല്ലാത്തപക്ഷം, കെൽട്രോൺ

അധികമായി ഈടാക്കിയ 53,790 രൂപ(69,500-64,610 *11)ഉത്തരവാദികളിൽ നിന്നീടാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 3-7 SSA പ്രോജക്റ്റ് സർക്കാർ മാർഗ്ഗ നിർദേശങ്ങൾ പാലിക്കുന്നില്ല

2015-16 വർഷത്തെ എസ്.എസ്.എ പ്രൊജക്റ്റിനുള്ള പഞ്ചായത്ത് വിഹിതം ഇനത്തിൽ ₹ 26,08,000എസ്.എസ്.എ മലപ്പുറം ജില്ലാ കോ ഓർഡിനേറ്റർക്ക് നൽകിയിട്ടുണ്ട്.

| പ്രൊജക്റ്റ് | ചെലവ് | ബിൽ നമ്പർ |
|---|---|---|
| SSA വിഹിതം നൽകൽ-ജനറൽ (72/16) | ₹1984184 | 1/15-16 തി.31-10-15 |
| SSA വിഹിതം നൽകൽ-ജനറൽ (72/16) | ₹ 515816 | 2/15-16തി. 31-10-15 |
| SSA വിഹിതം നൽകൽ-ജനറൽ (72/16) | ₹1,08,000 | 6/15-16 തി.21-3-16 |
| ആകെ | ₹2608000 | |

ഹെഡ്മാസ്റ്റർ നിർവഹണോദ്യോഗസ്ഥനായി നടപ്പിലാക്കിയ ഈ പ്രൊജക്റ്റിന്റെ രേഖകൾ പരിശോധിച്ചതിൽ താഴെ പറയുന്ന അപാകതകൾ കണ്ടെത്തി.

1) SSA നൽകിയ പ്രൊജക്റ്റ് പരിശോധനക്ക് ലഭ്യമാക്കിയില്ല.

2) പന്ത്രണ്ടാം പഞ്ചവത്സര പദ്ധതി മാർഗ്ഗരേഖ ജി.ഒ (എം.എസ്) 225/12 തി. 18.08.2012, പുതുക്കിയ മാർഗ്ഗരേഖ ജി.ഒ (എം.എസ്) 362/13 തി. 16.11.2013, എന്നിവ പ്രകാരം എസ്.എസ്.എ യും തദ്ദേശ സ്വയംഭരണ സ്ഥാപനവും ചേർന്നാണ് അതാത് സ്ഥാപനത്തിന്റെ SSA പ്രൊജക്റ്റ് തയ്യാറാക്കേണ്ടത് എന്ന് വ്യക്തമായി നിർദേശിച്ചിട്ടുണ്ട്. ഇതനുസരിച്ച് പഞ്ചായത്ത്/നഗരസഭ അധികാരികളും, വിദ്യാഭ്യാസ പ്രവർത്തകരും , എസ്.എസ്.എ യും കൂടി ചർച്ച ചെയ്ത് പഞ്ചായത്തിൽ SSA പ്രൊജക്റ്റിൻ കീഴിൽ നടപ്പാക്കേണ്ട പദ്ധതികൾ ആവിഷ്കരിച്ച് പഞ്ചായത്തിന്റെ ആവശ്യകതക്കനുസരിച്ചാണ് പ്രൊജക്റ്റ് തയ്യാറാക്കേണ്ടത്. എന്നാൽ ഇത്തരം നടപടികൾ പാലിക്കാതെയാണ് പണം നൽകിയത്.

3) വിനിയോഗ സാക്ഷ്യപത്രം ലഭ്യമല്ല.

എസ്.എസ്.എ കൈപ്പറ്റിയ തുകയുടെ വിനിയോഗം സംബന്ധിച്ച വ്യക്തമായ വിനിയോഗ സാക്ഷ്യപത്രം നാളിതുവരെ എസ്.എസ്.എ അധികാരികൾ ഗ്രാമപഞ്ചായത്തിന് നൽകിയിട്ടില്ല.

ഈ വിഷയം ഉന്നയിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 7/23-1-17 നല്കിയമറുപടിയിൽ രേഖകൾ ലഭ്യമാക്കുന്നതാണ് എന്ന് അറിയിക്കുകയുണ്ടായി. രേഖകൾ ലഭ്യമാക്കുന്നത് വരെ ചെലവ് തുക തടസ്സം ചെയ്യുന്നു.

## 3-8 ഭവന നിർമ്മാണം പൂർത്തിയാക്കിയില്ല.

മുൻ വർഷങ്ങളിലെ ഭവന പദ്ധതികളിൽ ഉൾപ്പെട്ട താഴെ പറയുന്ന ഗുണഭോക്താക്കൾ ഒന്നോ ഒന്നിലധികമോ ഗഡു ധനസഹായം കൈപ്പറ്റിയിട്ടുണ്ടെങ്കിലും നാളിതു വരെ ഭവന നിർമ്മാണം പൂർത്തിയാക്കിയിട്ടില്ല.

1-തണൽ ഭവന പദ്ധതി ഒന്നാം ഘട്ടം

| ക്രമ നമ്പർ | പേര് വിവരം | കൈപ്പറ്റിയ തുക |
|---|---|---|
| 1 | ശ്രീമതി.സിന്ധു.കെ.w/oബാബു തൊണ്ടാലയിൽ | 80,000 |
| 2 | ശ്രീമതി. ഹാജറ കടവത്ത്.w/oഅബ്ദുസ്സമദ് | 1,40,000 |
| 3 | ശ്രീമതി.സൗദാബി.എൻ.w/oയൂസഫ് നാലകത്ത് | 1,80,000 |
| 4 | ശ്രീമതി.ശരീഫ.വി.പി.w/oഅബ്ദുസ്സമദ് | 1,00,000 |
| 5 | ശ്രീമതി.സുൽഫത്ത്.w/o മുഹമ്മദ് അസ് ലം | 1,80,000 |
| 6 | ശ്രീമതി.ജയ പനച്ചിക്കൽ w/o ബാബു | 1,00,000 |
| 7 | ശ്രീമതി.ഫൗസിയ മച്ചിങ്ങൽ.w/oഅഷ്റഫ്. | 1,40,000 |
| 8 | ശ്രീമതി.റഹീന നാലകത്ത്. w/oഅബ്ദുൽ അഷ്റഫ് | 60,000 |
| 9 | ശ്രീ.അസീസ് ചാലിയൻ | 1,80,000 |
| 10 | ശ്രീമതി.ബീപാത്തുമ്മ കാളങ്ങാടൻ | 80,000 |
| 11 | ശ്രീമതി.സഫിയ ചിങ്കേർ | 1,40,000 |

2-ഇ.എം.എസ്.ഭവന പദ്ധതി

| ക്രമ നമ്പർ | പേര് വിവരം | കൈപ്പറ്റിയ തുക |
|---|---|---|
| 1 | ശ്രീ.അബ്ദുൽ ഗഫൂർ വി.പി. ,വലിയ പറമ്പിൽ | 22.500 |
| 2 | ശ്രീ.കുഞ്ഞിമരക്കാർ പാലമഠത്തിൽ | 62,500 |
| 3 | ശ്രീ.രാജഗോപാലൻ പടാട്ട് തൊടി | 52,500 |

പ്രസ്തുത ഗുണഭോക്താക്കൾ ഭവന നിർമ്മാണം പൂർത്തിയാക്കുന്നുവെന്ന് ഉറപ്പാക്കുകയോ അല്ലാത്ത പക്ഷം കൈപ്പറ്റിയ തുക പലിശ സഹിതം തിരിച്ച് പിടിക്കുകയോ ചെയ്ത് വിവരം ലഭ്യമാക്കേണ്ടതാണ്.

## 3-9 ആശ്രയ പദ്ധതി -ചലഞ്ച് ഫണ്ട് ഇനത്തിൽ ലഭ്യമായ തുക ചെലവഴിച്ചില്ല

പരപ്പനങ്ങാടി പഞ്ചായത്തിൽ ആശ്രയ പദ്ധതിയുടെ ഒന്നാം ഘട്ട പ്രൊജക്ടിന് 2003 മുതൽ 2004-05 വരെയും രണ്ടാം ഘട്ട പ്രൊജക്ടിന് 2013 മുതൽ 2016 വരെയുമാണ് അനുമതി ഉണ്ടായിരുന്നത്. ടി പദ്ധതികൾ പ്രകാരമുള്ള അടങ്കൽ, ലഭ്യമായ തുക, ചെലവ്, ബാലൻസ് തുക എന്നിവയുടെ വിശദ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| | അടങ്കൽ | ആകെലഭ്യമായത് | ചെലവ് | ബാലൻസ് |
|---|---|---|---|---|
| ഒന്നാം ഘട്ടം | 62,46,500 | 36,40,982 | 23,46,500 | 12,94,482 |
| രണ്ടാം ഘട്ടം | 4,56,21,660 | 1,21,15,870 | 99,04,600 | 22,11,270 |

ഒന്നാം ഘട്ടത്തിലും രണ്ടാം ഘട്ടത്തിലുംചലഞ്ച് ഫണ്ട് ഇനത്തിൽ യഥാക്രമം 10,00,000 രൂപയും 4,33,180 രൂപയും ലഭിച്ചിട്ടുണ്ട്. ടി തുകകളിൽ ആദ്യം ലഭിച്ച 10,00,000 രൂപയിൽ നാളിതുവരെയും ഒരു രൂപ പോലും ചെലവഴിച്ചിട്ടില്ല. പിന്നീട് ലഭിച്ച 4,33,180 രൂപയിൽ 1,83,600 രൂപ ഭക്ഷണക്കിറ്റ് ഇനത്തിൽ 2016 ജനുവരി, ഫെബ്രുവരി, മാർച്ച് മാസങ്ങളിലായി ചെലവഴിച്ചിട്ടുണ്ട്. രണ്ടാം ഘട്ട പ്രൊജക്ടിന് 31-3-16 വരെയായിരുന്നു അനുമതി ഉണ്ടായിരുന്നത്. തുടർ സേവന പദ്ധതിക്കുള്ള അനുമതിക്കായി സർക്കാരിലേക്ക് അപേക്ഷിച്ചിട്ടുമില്ല1-11-15 മുതൽ നഗരസഭയായി മാറിയ സ്ഥാപനത്തിൽ നിലവിൽ ആശ്രയ പദ്ധതി ഇല്ല.

ഒന്നാംഘട്ട പ്രൊജക്ടിൽ ആകെ 93 ഗുണഭോക്താക്കളാണ് ഉണ്ടായിരുന്നത് എങ്കിൽ രണ്ടാം ഘട്ടത്തിൽ അത് 208 ആയി വർദ്ധിച്ചു എന്നതിൽ നിന്നും ഒന്നാം ഘട്ട പ്രൊജക്ട് കാര്യക്ഷമമായി നടപ്പിലാക്കിയില്ല എന്ന് വ്യക്തമാണ്. കൂടാതെ ചലഞ്ച് ഫണ്ടായി ഒന്നാംഘട്ടത്തിൽ ലഭിച്ച 10,00,000 രൂപ ചെലവഴിച്ചിട്ടുമില്ല.93 ഗുണഭോക്താക്കളും ഭക്ഷണം, വസ്ത്രം, ആരോഗ്യ പരിരക്ഷ, വിദ്യാഭ്യാസം, പെൻഷൻ എന്നീ അതിജീവന ആവശ്യങ്ങൾക്ക് അർഹരായിരുന്നു എങ്കിലും അവയ്ക്കായി ചെലവഴിക്കേണ്ടിയിരുന്ന തുകയാണ് ഒരു രൂപ പോലും ചെലവഴിക്കാതെയിരുന്നത് എന്നത് പ്രസ്തുത പദ്ധതിയുടെ ലക്ഷ്യത്തെ പരാജയപ്പെടുത്തുന്നതിന് കാരണമായിട്ടുണ്ട്

രണ്ടാം ഘട്ടത്തിൽ ലഭിച്ച ചലഞ്ച്ഫണ്ട് തുകയായ 4,33,180 രൂപയിൽ 1,83,600രൂപ മാത്രമാണ് ചെലവഴിച്ചിട്ടുള്ളത്. അതിൽ 2,49,500 രൂപ അവശേഷിക്കുന്നുണ്ട്. രണ്ട് ഘട്ടങ്ങളുടെയുംഅനുമതി കാലയളവ് കഴിഞ്ഞതിനാൽ മേൽ ബാലൻസ് തുകകൾ തുടർന്ന് ഉപയോഗപ്പെടുത്താനും സാധിക്കാത്ത അവസ്ഥയാണ് നിലവിലുള്ളത്.

കൊടിയ ദാരിദ്ര്യം അനുഭവിക്കുന്നവരും അഗതികളുമായവരുടെ ക്ഷേമത്തിനായി നടപ്പാക്കാൻ ഉദ്ദേശിച്ചുള്ള ആശ്രയ പദ്ധതി , ഫണ്ടുകൾ യഥാസമയം ലഭ്യമായിട്ടുപോലും കാര്യക്ഷമമായി നടപ്പിലാക്കിയില്ല എന്നത് അത്യന്തം ഖേദകരമാണ്. തുടർസേവന പദ്ധതിക്കും മുമ്പ് ലഭിച്ചതും ചെലവഴിച്ചിട്ടില്ലാത്തതും ചെലവഴിച്ചതിൽ ബാക്കി വന്നതുമായ തുകകൾ ഉപയോഗപ്പെടുത്തുന്നതിനുമുള്ള അനുമതികൾക്കുമായി നഗരസഭ അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്

## 3-10 സബ്സിഡി തുക അധികം നൽകി

പ്രോജക്ട് നം./പേര് : so 224/16 , പോത്ത് വളർത്തൽ (എസ്.സി.-വനിത)

ബിൽ നം./തീയതി : 04/ 15-16 / 26.03.2016 തുക: 17,500/-,

ഡി.ഡി.നം/തീയതി : 729474/18.04.16

പ്രസ്തുത പ്രോജക്ട് പ്രകാരം ഒരു ഗുണഭോക്താവിനു മാത്രമാണ് സബ്സിഡി നൽകിയിട്ടുള്ളത്. ഗുണഭോക്താവായ ശ്രീമതി.ശ്രീലത w/o.കൃഷ്ണൻ,അപ്പശ്ശേരിപ്പടി,ഉള്ളണം നോർത്ത് എന്നവർ ഉരുവിനെ വാങ്ങിയ ശ്രീ.ഷാജി, മണ്ണത്താനത്തു പടിക്കൽ എന്നയാൾക്ക് ഡി.ഡി.മുഖേന 17500/-രൂപ നിർവ്വഹണ ഉദ്യോഗസ്ഥ കൈമാറിയിട്ടുണ്ട്.16.11.2013 ലെ ജി.ഒ.(എം.എസ്.) 362/2013 നം.സർക്കാർ ഉത്തരവ് (മാർഗ്ഗ രേഖ) ഖണ്ഡിക 3.2-4 പ്രകാരം നല്കാവുന്ന പരമാവധി സബ്സിഡി തുക 7500/-രൂപ മാത്രമാണ്.

മാർഗ്ഗ രേഖയ്ക്ക് വിരുദ്ധമായി 10,000/- രൂപ അധികം നൽകാനിടയായത് സംബന്ധിച്ച് 01/ 16.01.2017 നമ്പർ ഓഡിറ്റ് എൻക്വയറി നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയില്ല. അധികം നൽകിയ 10,000/- രൂപ ഗുണഭോക്താവിൽ നിന്നോ നിർവ്വഹണ ഉദ്യോഗസ്ഥയായ വെറ്ററിനറി സർജനിൽ നിന്നോ ഈടാക്കി വിവരം ലഭ്യമാക്കേണ്ടതാണ്.

# ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം-

ഇല്ല

## 4-2 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ/ ചെക്ക് നം. | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|

| | | | | | |
|---|---|---|---|---|---|
| കെ.എസ്.ഇ.ബി | ഇലക്ട്രിക് ലൈൻ ദീർഘിപ്പിക്കൽ | 21500113/18-03-16 | 8950 | 0 | 8950 |
| കെ.എസ്.ഇ.ബി | സ്ട്രീറ്റ് ലൈറ്റ് നവീകരണം | 21500606/30-9-15 | 270777 | 270777 | 0 |
| കെ.ഡബ്ലിയു.എ | പൈപ്പ് ലൈൻ നീട്ടൽ | 21500336/31-03-16 | 34000 | 0 | 34000 |
| കെ.എസ്.ഇ.ബി | സമ്പൂർണ്ണ വൈദ്യുതീകരണം | 21500175/29-03-16 | 46721 | 46721 | 0 |

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

ഇല്ല

## 4-4 വായ്പ/ വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/തിയ്യതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| തണൽ വീട് ലോൺ | 01/01-10-12 | 7000000 | 7000000 | - | 492588 | 7000000 |

## 4-5 സ്ഥിര നിക്ഷേപങ്ങൾ

വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം - 37,000 രൂപ

തൻ വർഷ നിക്ഷേപം -

ആകെ = 37,000 രൂപ

തന്നാണ്ടിൽ പിൻവലിച്ച തുക -

വർഷാവസാനം അവശേഷിക്കുന്ന തുക =37,000 രൂപ

വർഷാവസാനം അവശേഷിക്കുന്ന സ്ഥിര നിക്ഷേപങ്ങളുടെ വിവരം താഴെ ചേർക്കുന്നു

| നിക്ഷേപത്തിന്റെ വിവരം | തുക |
|---|---|
| മലപ്പുറം സ്പിന്നിംഗ് മില്ലിന്റെ 100 രൂപയുടെ 100 ഓഹരികൾ, Share | 10,000 |

| | | |
|---|---|---|
| Cerrtificate No.1431, തീയതി: 27-7-1977 | | |
| Malabar Co-Op.Textilesന്റെ 5000 രൂപയുടെ 5 ഓഹരികൾ, Share Certificate No.484, തീയതി:20-5-1998 | | 25,000 |
| Promisory Notes | No.MS 017824,തീ:6-2-1968 | 500 |
| | “ -001023, തീ:21-9-1971 | 500 |
| | “007529, 11-11-1968 | 100 |
| | “007530, “ | 100 |
| | “007531, “ | 100 |
| | “008182, “ | 100 |
| | “008183, “ | 100 |
| | “008184, “ | 100 |
| | “008485, “ | 100 |
| | “008333, “ | 100 |
| | “008334, “ | 100 |
| | “008335, “ | 100 |
| ആകെ | | 37,000 രൂപ |

## 4-6 ഓഡിറ്റ് റിക്കവറി

ഇല്ല

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം.

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23- വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 1999-2002 പ്ലാൻ | | 2004-05 | 14 | കാർഷികയന്ത്ര വൽകരണം പാളി- വിവരങ്ങൾ ലഭ്യമല്ല. | OP 221/08 നമ്പർ പരാതി പ്രകാരം ബഹു. ഓംബുഡ്സ്മാൻ ധനകാര്യ വിഭാഗത്തെ ചുമതലപ്പെടുത്തുകയും യാതൊരു നഷ്ടവും ഉണ്ടായിട്ടില്ല എന്ന് റിപ്പോർട്ട് ചെയ്യുകയും ചെയ്തു. ടില്ലർ 2010 മുതൽ |

| | | | | | |
|---|---|---|---|---|---|
| | | | | | ഉപയോഗശൂന്യമാവുകയും, PWD വിഭാഗത്തോട് അന്വേഷിച്ച് റിപ്പോർട്ട് നൽകുന്നതിന് നിർദ്ദേശിച്ചിട്ടുണ്ട്. |
| 1999-2002 പ്ലാൻ | | 2004-05 | 24 | KSEB യിൽ ഡെപ്പോസിറ്റ് ചെയ്ത 1521369 രൂപയുടെ വിവരങ്ങൾ വിനിയോഗ വിവരം ലഭ്യമല്ല. | പദ്ധതി പൂർത്തീകരിച്ചു. വിനിയോഗ വിവരം ലഭ്യമാക്കാൻ KSEB യോട് ആവശ്യപ്പെട്ടിട്ടുണ്ട്. |
| 1999-2002 പ്ലാൻ | | 2004-05 | 26,10 | സർക്കാർ ഉത്തരവിന് വിരുദ്ധമായി പരപ്പനങ്ങാടി മോട്ടോർ ട്രാൻസ്പോർട്ട് സഹകരണ സംഘത്തിന് ഭൂമി വാങ്ങുന്നതിന് ഒരു ലക്ഷം രൂപയും പരപ്പനങ്ങാടി എസ്.സി സഹകരണ സംഘത്തിന്റെ വസ്ത്രനിർമ്മാണ യൂണിറ്റിന് ഫർണിച്ചർ യന്ത്രങ്ങൾ വാങ്ങുന്നതിന് 50000 രൂപയും നൽകി. | ബന്ധപ്പെട്ട നിർവഹണ ഉദ്യോഗസ്ഥരോടും, ഗുണഭോക്താക്കളോടും തുക തിരിച്ചടക്കാൻ കത്ത് നൽകിയിട്ടുണ്ട്. |
| 2006-07 | | 2010-11 | 2(3) | 1997-98 മുതൽ 2005-06 വരെയുള്ള തൊഴിൽ നികുതി കുടിശ്ശിക 299645 രൂപ പിരിച്ചെടുക്കാൻ അവശേഷിക്കുന്നു. | A5-8872 തിയ്യതി 17-08-2013 കത്ത് പ്രകാരം തുക അടവാക്കുന്നതിനോ, മറുപടി സമർപ്പിക്കുന്നതിനോ ബന്ധപ്പെട്ട സെക്രട്ടറിമാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. |

| | | | | | |
|---|---|---|---|---|---|
| 2010-11 | | 2013-14 | 10 | ലഘു അവലോകനം | |

## 4-8 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | : | 52918334 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : | 62411581 |
| വരവിനങ്ങളിലുള്ള നഷ്ടം | : | 1,11,542 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | 69,576 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | 39,92,671 |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 2-3 | 8100 | | ശ്രീ. പി.സി.സാമുവൽ,സെക്രട്ടറി |
| 2-4 | 1925 | | " |
| 2-7 | 94,200 | | " |
| 2-8 | 5067 | | " |
| 2-9(2) | 1250 | | " |
| 2-11 | 1000 | | " |
| 3-1 | | 5,786 | ശ്രീ.നന്ദകുമാർ, അസി.എഞ്ചിനീയർ |
| 3-6 | | 53,790 | ശ്രീമതി.സൈബുന്നീസ, ഐ.സി.ഡി.എസ്.സൂപ്പർവൈസർ |
| 3-10 | | 10,000 | ഡോ.ബി.അബീന, വെറ്ററിനറി സർജൻ |
| ആകെ | 111542 | 69,576 | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-4 | 10,59,671 | ശ്രീ.പി.സി.സാമുവൽ, |

| | | |
|---|---|---|
| | | സെക്രട്ടറി |
| 3-5 | 3,25,000 | ഡോ.ആനന്ദ്. R, മെഡിക്കൽ ഓഫീസർ (PHC) |
| 3-7 | 26,08,000 | ശ്രീമതി.ശ്രീകല, ഹെഡ് മിസ്ട്രസ്സ്, |
| ആകെ | 39,92,671 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 2-2 | 1,37,767 | ശ്രീ.പി.സി.സാമുവൽ, സെക്രട്ടറി |
| 2-7 | 4,710+ 9420 | “ |
| 2-8 | 241 | “ |

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ.പി.സി.സാമുവൽ, സെക്രട്ടറി | മേൽവിലാസം ലഭ്യമല്ല | പുത്തൻപുരയിൽവീട്, പന്താരങ്ങാടി, മലപ്പുറം ജില്ല |
| ശ്രീ.നന്ദകുമാർ, അസി.എഞ്ചിനീയർ | അസി.എഞ്ചിനീയർ,പരപ്പനങ്ങാടി നഗരസഭ | പൈക്കാട്ട്ഹൗസ്, അരിയല്ലൂർ, വള്ളിക്കുന്ന്.പി.ഒ., മലപ്പുറം ജില്ല. |
| ശ്രീമതി.സൈബുന്നീസ, ഐ.സി.ഡി.എസ്.സൂപ്പർവൈസർ | ഐ.സി.ഡി.എസ്.സൂപ്പർവൈസർ, പരപ്പനങ്ങാടി നഗരസഭ | മൂത്തേടത്ത്ഹൗസ്, വള്ളിക്കുന്ന്.പി.ഒ, കടലുണ്ടിനഗരം(വഴി), മലപ്പുറം ജില്ല. |
| ഡോ.ബി.അബീന, വെറ്ററിനറി സർജൻ | വെറ്ററിനറി സർജൻ, പരപ്പനങ്ങാടി | ഹാഷിർ മൻസിൽ, റെയിൽവേ ഗേറ്റിനു സമീപം, മുരുക്കുംപുഴ(പി.ഒ), തിരുവനന്തപുരം, 695 302 |

## 4-9 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും | തീർപ്പാക്കാൻ |
|---|---|---|

| | പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 1997-98 | എൽ.എഫ്.എം.11/914/01 തി.05.10.2010 | 17 |
| 1998-99 | എൽ.എഫ്.എം.11/913/01 തി.06.10.2010 | 7 |
| 1999-00 (പ്ലാൻ ഫണ്ട് ഒഴികെ) | എൽ.എഫ്.എം.17/244/01 തി.12.12.2006 | 24 |
| 1999-00 മുതൽ 2001-02 വരെ (പ്ലാൻ ഫണ്ട്) | എൽ.എഫ്.എം.14/876/04 തി.06.10.2010 | 6 |
| 2000-01 | എൽ.എഫ്.എം.17/245/06 തി.06.10.2010 | 14 |
| 2002-03 | എൽ.എഫ്.എം.17/830/09 തി.06.10.2010 | 20 |
| 2003-04 | എൽ.എഫ്.എം.17/831/09 തി.06.10.2010 | 18 |
| 2004-05 | എൽ.എഫ്.എം.17/832/09 തി.06.10.2010 | 20 |
| 2006-07 | എൽ.എഫ്.എം.17/67/10 തി.04.05.2010/06.07.2010 | 13 |
| 2007-08, 2009-10 | എൽ.എഫ്.എം.15/132 /12തി.19.02.2013/ 11.03.2013 | 29 |
| 2010-11 | എൽ.എഫ്.എം.15/28 /14തി.13.01.2014 | 12 |

| | | |
|---|---|---|
| 2011-12, 2012-13 | എൽ.എഫ്.എം.15/1271/15 തി.03.06.15 | 20 |
| 2013-14,14-15 | കെ.എസ്.എ.എം.പി.എം 15/2431/15 തി.20.11.15 | 21 |

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, മലപ്പുറം

## 5-1

### ഓഡിറ്റ് സാക്ഷ്യപത്രം

നം.കെ.എസ്.എ.എം.പി.എം.25/361/2017

കേരളസംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം, മലപ്പുറം
പിൻ - 676 505, ഫോൺ : 0483 2734951
ഇ- മെയിൽ: dompm.ksad@kerala.gov.in
തിയ്യതി 10/02/2017

സാക്ഷ്യപത്രം

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ 4 ാം വകുപ്പും 1994 ലെ കേരള നഗരപാലികാ

നിയമം 295 ാം വകുപ്പും ബന്ധപ്പെട്ട ചട്ടങ്ങളും അനുസരിച്ചും പഞ്ചായത്ത് രാജ്/നഗരപാലികാ സ്ഥാപനങ്ങളുടെ കണക്കുകളുടെ സാക്ഷ്യപ്പെടുത്തലിനായി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ പുറപ്പെടുവിച്ചിട്ടുള്ള മാർഗ്ഗനിർദ്ദേശങ്ങൾ അവലംബിച്ചും മലപ്പുറം ജില്ലയിലെ പരപ്പനങ്ങാടി നഗരസഭയുടെ 31.03.2016 ൽ അവസാനിച്ച സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയുടെ പരിശോധന നിർവ്വഹിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഈ സാക്ഷ്യപത്രത്തിൽ അന്യത്ര കൊടുത്തിട്ടുള്ള ന്യൂനതകൾ ഒഴികെ എന്റെ അഭിപ്രായത്തിൽ പരപ്പനങ്ങാടി നഗരസഭയുടെ 2015-16 വർഷത്തെ ധനകാര്യപത്രിക വരവ് ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് സാക്ഷ്യപ്പെടുത്തുന്നു.

സീനിയർ ഡെപ്യൂട്ടിഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്.

മലപ്പുറം.

പകർപ്പ്

1. സെക്രട്ടറി, പരപ്പനങ്ങാടി നഗരസഭ

2. കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം.

3. കേരള നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം.
4.നഗരകാര്യ റീജ്യണൽജോയിന്റ് ഡയരക്ടർ,കോഴിക്കോട്.

5. കാര്യാലയ പ്രതി.

# 5-2

# AUDIT CERTIFICATE

No.KSAMPM25/361/2017

Kerala State Audit Department.

District Audit Office, Malappuram

PIN - 676 505, Phone: 0483 2734951

e-mail.dompm.ksad@kerala.gov.in

Dated. 10/02/2017

CERTIFICATE

Certified that I have examined the Annual Financial Statement of Parappanangadi Municipality for the year ended on 31.03.2016 in Malappuram District in accordance with Section 4 of the Kerala Local Fund Audit Act 1994, section 295 of the Kerala Municipal Act 1994, the rules made there under and the guidelines issued by Comptroller and Auditor General of India for the Certification of Accounts of Panchayat Raj/Municipal Institutions.

In my opinion the financial statements of Parappanangadi Municipality for the year 2015-16 subject to the observations in the Annexure, properly presents the picture of income, expenditure and closing balance.

SENIOR DEPUTY DIRECTOR

KERALA STATE AUDIT DEPARTMENT,

MALAPPURAM.

To

1. The Director, Kerala State Audit Department, Thiruvananthapuram.

2. The Secretary, Parappanangadi Municipality

3. The Director Of Kerala Urban affairs,Thiruvananthapuram

4. The Regional Joint.Director,Urban Affairs,Kozhikkode

5.Office copy